19
2025
നവംബർ
ബുധൻ
വൃശ്ചികം 3

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 287 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-287 പേജ് 4. വില 2.00 രൂപ




02 ഫാ. ജോളി വടക്കൻ ഗൾഫു നാടുകളിലെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റർ
03 ഇന്ത്യ ബംഗ്ലാദേശ് വനിതാ ക്രിക്കറ്റ് ടീം വൈറ്റ് ബോൾ ഹോം പരമ്പര മാറ്റിവച്ചു
04 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ഫീസ് വർധിപ്പിച്ച് കേന്ദ്ര സർക്കാർ

# എസ്ഐആർ ഡിസംബർ നാലിനകം പൂർത്തിയാക്കണം

## സമയക്രമം മാറ്റില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ



തിരുവനന്തപുരം: സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് സമയം നീട്ടി നൽകില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. സമയക്രമം മാറ്റി നല്കില്ല. എന്യൂമെറേഷൻ ഫോം വിതരണവും, വോട്ടർമാരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതും ഡിസംബർ നാലിനകം പൂർത്തിയാക്കണം.

നേരത്തെ നിശ്ചയിച്ച സമയത്തിൽ മാറ്റം വരുത്തണമെങ്കിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദേശമുണ്ടാകണമെന്നാണ് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ജില്ലാ കളക്ടർമാരെ അറിയിച്ചിട്ടുള്ളത്. എസ്ഐആറിനെതിരായ പ്രതിഷേധം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ കണക്കിലെടുക്കില്ല. ചില ബിഎൽഒമാർ ജോലി പൂർത്തിയാക്കിയെന്നും കമ്മീഷൻ വൃത്തങ്ങൾ വ്യക്തമാക്കി.

അതേസമയം, ഫോം അപ്ലോഡ് ചെയ്യുന്നതിലെ സാങ്കേതിക പ്രശ്നം പരിഹരിക്കാൻ വൈഫൈ സൗകര്യമുള്ള ഇടങ്ങൾ സജ്ജമാക്കണമെന്ന് കളക്ടർമാർക്ക് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.കണ്ണൂർ പയ്യന്നൂരിൽ ജോലി സമ്മർദത്തെ തുടർന്ന് ബിഎൽഒ അനീഷ് ജോർജ് ജീവനൊടുക്കിയതിന് പിന്നാലെ എസ്ഐആറുമായി ബന്ധപ്പെട്ട് ബിഎൽഒമാർ നേരിടുന്നത് വലിയ സമ്മർദമാണെന്ന് വാർത്തകൾ വന്നിരുന്നു. പിന്നാലെ സമാന അനുഭവങ്ങൾ പങ്കുവെച്ച് ബിഎൽഒമാർ രംഗത്തെത്തിയിരുന്നു.

അതേസമയം, തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകുംവരെ എസ്ഐആർ തടയണമെന്നാവശ്യപ്പെട്ട് കേരളം സുപ്രീംകോടതിയിൽ ഹർജി നല്കിയിട്ടുണ്ട്.

# ശബരിമലയിൽ തിരക്ക് ഭയാനകം; സ്പോട്ട് ബുക്കിങ് നിയന്ത്രിക്കും

ശബരിമല : ശബരിമലയിൽ അപകടകരമായ രീതിയിൽ ഭക്തജന തിരക്കെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ. ഭക്തർ പലരും ക്യൂ നിൽക്കാതെ ദർശനത്തിനായി ചാടി വരികയാണെന്നും ഇത്രയും വലിയ ആൾക്കൂട്ടം ഉണ്ടാകാൻ പാടില്ലായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

സ്പോട്ട് ബുക്കിങ്ങിൽ അടക്കം നിയന്ത്രണം ഏർപ്പെടുത്തുമെന്ന് സൂചന നൽകിയാണ് ജയകുമാർ വാർത്താസമ്മേളനം നടത്തിയത്. അതേസമയം ദർശനം കിട്ടാതെ ഭക്തർ മടങ്ങിയെന്നും വിവരമുണ്ട്. പന്തളത്ത് എത്തി നെയ്യഭിഷേകം നടത്തിയാണ് ഇവർ മടങ്ങിയത്.

രണ്ടാം ദിവസമായ ഇന്ന് ഇത്രയും തിരക്ക് അപ്രതീക്ഷിതം. അപകടരമായ രീതിയിലുള്ള തിരക്ക്. ക്യൂവിൽ നിൽക്കാതെ ചാടി വന്നവരുണ്ട്. ജീവിതത്തിൽ ഇത്രയും തിരക്ക് കണ്ടിട്ടില്ല. ക്യൂവിൽ നിൽക്കാതെ ചാടി വരുന്നത് ക്യൂവിൽ അധിക സമയം നിൽക്കേണ്ടി വരുന്നതിനാൽ. പതുക്കെ പതുക്കെ ഇവരെയെല്ലാം പതിനെട്ടാം പടി കയറ്റാൻ ചാർജ് ഓഫിസറോട് പറഞ്ഞു. ഇങ്ങനെയൊരു ആൾക്കൂട്ടം ഇവിടെ വരാൻ പാടില്ലായിരുന്നു.

പമ്പയിൽ വന്നു കഴിഞ്ഞാൽ ആളുകളെ അധികം സമയം നിർത്തുന്നത് ഒഴിവാക്കണം. ശ്രീജിത്തിനു കത്ത് നൽകി. ന്മ ക്യൂ കോംപ്ലക്സുകളുടെ ഉദ്ദേശം നടപ്പായിട്ടില്ല. ഭക്തർ അവിടെ കയറുന്നില്ലെന്ന് പൊലീസ് പറയുന്നു. ഭക്തർക്ക് ബിസ്കറ്റ് മാത്രമല്ല, കൂടുതൽ കാര്യങ്ങൾ നൽകിയാൽ ആളുകൾ അവിടെ കയറി ഇരിക്കും. ഭക്തരെ നിർബന്ധമായും ക്യൂ കോംപ്ലക്സിൽ ഇരുത്തണം. അതിനായി അനൗൺസ്മെന്റ് വേണം. അല്ലാതെ അവർക്ക് അറിയില്ല. അവരുടെ അവസരം വരുമ്പോൾ കയറ്റണം. അങ്ങനെയെങ്കിൽ ആളുകൾ നിന്ന് ബോധംകെട്ട് വീഴുന്നത് ഒഴിവാക്കാം.

# തുടർഭരണം ഏൽപ്പിക്കണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ

തിരുവനന്തപുരം: എൽഡിഎഫ് ഭരണകാലത്ത് കേരളത്തിൽ വികസനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 2021ൽ തുടർഭരണം ഉണ്ടായതോടെ പിന്നോട്ട് പോയിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം കോർപ്പറേഷൻ എൽഡിഎഫ് തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണത്തുടർച്ച കാരണം എല്ലാ മേഖലയിലും മുന്നേറ്റം ഉണ്ടായെന്നും ആരോഗ്യമേഖല ലോകോത്തര നിലവാരത്തിലെത്തിയെന്നും മുഖ്യമന്ത്രി പറഞ്ഞു. 2021ൽ തുടർഭരണം ഏൽപ്പിച്ചത് പോലെ തിരുവനന്തപുരം കോർപ്പറേഷൻ ഭരണവും ഏൽപ്പിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അതേസമയം തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയം നേടിയാൽ എൽഡിഎഫ് സർക്കാരിന്റെ മൂന്നാം ഭരണം ഉറപ്പായെന്ന് സിപിഎം സംസ്ഥാന ജനറൽ സെക്രട്ടറി എം. വി. ഗോവിന്ദൻ പറഞ്ഞു. തദ്ദേശ തെരഞ്ഞെടുപ്പ് വിജയം മൂന്നാം ഭരണത്തിന്റെ കേളികൊട്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

# എസ്ഐആറിനെതിരേ കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് സുപ്രീംകോടതിയിൽ

കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തീവ്ര വോട്ടർ പട്ടിക പരിഷ്കാര (എസ്ഐആർ)ത്തിനെതിരേ കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ സുപ്രീംകോടതിയിൽ ഹർജി സമർപ്പിച്ചു. കേരളത്തിലെ ലക്ഷക്കണക്കിന് വോട്ടർമാരുടെ വോട്ട് നഷ്ടപ്പെടുത്തുന്ന എസ്ഐആറിൽ സുപ്രീം കോടതി ഇടപെടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 2026ൽ തെരഞ്ഞെടുപ്പിനു തയാറെടുക്കുന്ന കേരളത്തിൽ 30 ദിവസത്തിനുള്ളിൽ എസ്ഐആർ നടപടികൾ പൂർത്തിയാക്കാനാകില്ല. വോട്ടർമാർക്ക് പരാതി നല്കാനോ, തിരുത്തൽ നടത്താനോ, അപ്പീൽ നല്കാനോ സാധിക്കില്ല. നവംബർ പകുതിയായിട്ടും ഗണ്യമായ വോട്ടർമാരുടെ കൈകളിൽ ഫോം എത്തിയിട്ടില്ല. കേരളത്തിന്റെ സാഹചര്യങ്ങളൊന്നും പഠിക്കാതെയാണ് 27.10.25ൽ എസ്ഐആറിനുള്ള ഉത്തരവുണ്ടായത്. ഇത് ബീഹാറിന് നേരത്തെ പുറപ്പെടുവിച്ച അതേ ഉത്തരവാണ്. ദുഷ്ടലാക്കോടെ അവിടെ നടപ്പാക്കിയ രീതി കേരളത്തിൽ നടപ്പാക്കാനാകില്ലെന്ന് സണ്ണി ജോസഫ് വ്യക്തമാക്കി. കേരളത്തിൽ കഴിഞ്ഞ രണ്ടു ദശകങ്ങളിൽ 5 പൊതുതെരഞ്ഞെടുപ്പുകളും 5 നിയമസഭാതെരഞ്ഞെടുപ്പുകളും നിലവിലുള്ള വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. ഇവ കാലാകാലങ്ങളിൽ തുടർച്ചയായി പുതുക്കിയിട്ടുള്ളതാണ്. 2002ലെ വോട്ടർ പട്ടികയിലേക്കു മടങ്ങിപ്പോകാനുള്ള യാതൊരു സാഹചര്യവും നിലവിലില്ല. വോട്ടർപട്ടികയിൽ 2002ൽ ഉൾപ്പെടുത്തിയ വോട്ടർമാർ എന്നും അതിനുശേഷം രജിസ്റ്റർ ചെയ്ത വോട്ടർമാരെന്നും രണ്ടായി തിരിക്കുന്നത് രണ്ടുതരം വോട്ടർമാരെ സൃഷ്ടിക്കുന്നു. 2002നുശേഷം രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക് പൗരത്വം തെളിയിക്കാനുള്ള രേഖകളും സമർപ്പിക്കേണ്ടതുണ്ട്. ഇതു ജനപ്രാതിനിധ്യനിയമത്തിന് എതിരാണെന്നും സണ്ണി ജോസഫ് ചൂണ്ടിക്കാട്ടി. പൗരത്വനിർണയം കേന്ദ്രസർക്കാരിന്റെ മാത്രം അധികാരപരിധിയിലുള്ളതാണ്. തെരഞ്ഞെടുപ്പ് കമ്മീഷന് പൗരത്വ പരിശോധന നിർദേശിക്കാനുള്ള അധികാരമില്ല. നിലവിലുള്ള വോട്ടർമാരുടെ മേൽ പൗരത്വം തെളിയിക്കുന്നതിന്റെ ഭാരം അടിച്ചേല്പിച്ചും വ്യക്തിഗത നോട്ടീസ് നല്കാതെ പേരുകൾ ഇല്ലാതാക്കിയും ലക്ഷക്കണക്കിന് പൗരന്മാരുടെ വോട്ടവകാശം നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകും. ഇത് ദേശീയ പൗരത്വ രജിസ്റ്റർ കുറുക്കുവഴിയിലൂടെ സ്ഥാപിക്കാൻ വഴിയൊരുക്കുന്നതാണെന്ന് സണ്ണി ജോസഫ് ചൂണ്ടിക്കാട്ടി.

# എസ്ഐആർ ജോലിക്കിടെ ബിഎൽഒ കുഴഞ്ഞുവീണു

തിരുവനന്തപുരം: വെഞ്ഞാറമൂട്ടിൽ എസ്ഐആർ ജോലിക്കിടെ ബിഎൽഒ കുഴഞ്ഞുവീണു. പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കല്ലറ ശിവകൃപയിൽ ആർ. അനിൽ (50) ആണ് കുഴഞ്ഞു വീണത്.

വാമനപുരം നിയോജകമണ്ഡലം 44ാം ബൂത്തിലെ ബിഎൽഒ ആണ്. കുഴഞ്ഞുവീണ അനിലിനെ ആദ്യം വെഞ്ഞാറമൂട്ടിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് ശ്രീചിത്രയിലും പ്രവേശിപ്പിച്ചു. ബിഎൽഒ ജോലിയുടെ ഭാഗമായി അനിൽ കടുത്ത മാനസികസമ്മർദത്തിലായിരുന്നെന്ന് കുടുംബം പറഞ്ഞു.




ബി എൽ ഒ യുടെ ആത്മഹത്യയിൽ പ്രതിഷേധിച്ച് ആക്ഷൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സിന്റെയും അധ്യാപക സർവീസ് സംഘടന സമരസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ചീഫ് ഇലക്ടറൽ ഓഫീസിനു മുമ്പിൽ നടന്ന പ്രതിഷേധ മാർച്ച്

# ഡാളിയമ്മയുടെ മീനുകൾ....

**യേശുദാസ് വില്യം**



തിരുവനന്തപുരം: മൽസ്യവിപണനത്തിന്റെ ആധുനീക ശൈലികൾ പരീക്ഷിക്കുന്ന കാലത്ത് കൊച്ചുവേളിയിലെ ഡാളിയമ്മ പതിവുകൾ തെറ്റിക്കുന്നില്ല. മീനും ചരുവവുമായി കൊച്ചുവേളിയിൽ നിന്നും വെൺപാലവട്ടം, ആനയറഭാഗത്ത് വീടുകളിലും കവലകളിലും നടന്നെത്തി മൽസ്യവിപണനം നടത്തുന്നു. അറുപതു കൊല്ലമായി നടക്കുന്ന ജീവിതവൃത്തിയാണിത്. പ്രായം തളർത്താത്ത മനസാന്നിദ്ധ്യവും ചെയ്യുന്ന തൊഴിലിനോടുള്ള ഇഷ്ടവുമാണ് ഡാളിയമ്മയെ മുന്നോട്ടു നയിക്കുന്നത്.

'കടലീപ്പോക്കുകാരനായ അപ്പനാറുമക്കൾ.. അതിലഞ്ചും പെണ്ണ്... എനിക്ക് അഞ്ചുവയസ്സുള്ളപ്പോൾ അപ്പൻ മരിച്ചു... അമ്മച്ചിയും മൂത്ത ചേച്ചിമാരൊക്കെ അന്നേ മീൻവിക്കാൻ പോകും.. പത്താമത്തെ വയസ്സിൽ ഞാനും മീൻ കച്ചവടത്തിനിറങ്ങി. വർഷം ഒരുപാടായി.. ഇപ്പോൾ പ്രായത്തിന്റെ അവശതയുണ്ട്. ഞാൻ പതിവുകാർക്ക് വീട്ടിൽ കൊണ്ടുപോയി മീൻ കണ്ടിച്ചു വൃത്തിയാക്കി കൊടുക്കും.. ഡാളിയമ്മപറഞ്ഞു. 'ഇതൊക്കെ നല്ല ഫ്രഷ് മീനുകളാണല്ലോ..' ഡാളിയമ്മയോടു ചോദിച്ചു. നല്ലതേ കൊടുക്കു. എന്നാലും വാങ്ങാൻ ആളുകൾ കുറഞ്ഞു. അവർക്കൊക്കെ ഐസിട്ട മീൻ മതി.. ഡാളിയമ്മ പറഞ്ഞു. മൽസ്യവിപണനത്തിൽ ഡാളിയമ്മ മിടുക്കിയാണ്. ആരോടും പരിഭവമില്ലാത്ത ചിരിച്ച മുഖഭാവം.. പരാതികളുമില്ല.. സർക്കാർ പെൻഷൻ കിട്ടുന്നുണ്ട്. അതിലും സംതൃപ്തി. കൊച്ചുവേളി കടപ്പുറത്ത് കടലാക്രമണമുണ്ടോ.. ഡാളിയമ്മയോടു ചോദിച്ചു. തുറമുഖം വന്നതിനു ശേഷം തീരത്ത് കടൽകയറി വെള്ളം കെട്ടി നിൽക്കും. അതു പണ്ടും ഉള്ളതാണ്.

മൽസ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും ഉപജീവനം നടത്തുന്ന സ്ത്രീകൾ പോയകാലത്തിന്റെ കരുത്തുറ്റ സ്ത്രീ മുന്നേറ്റത്തിന്റെ പ്രതീകങ്ങളാണ്.. ഇവർക്ക് വിപണനം നടത്തുവാനുള്ള കിയോസ്ക്കുകൾ, വാഹനസൗകര്യം, ചെറിയതോതിലുള്ള സാമ്പത്തീക സഹായം ഇതൊക്കെ ഇവർ പ്രതീക്ഷിക്കുന്നുണ്ട്. ' ഇപ്പോൾ ചെറിയ സ്കൂട്ടറിലൊക്കെ സ്ത്രീകൾ മൽസ്യവിപണനം നടത്തുന്നുണ്ടല്ലോ.. ഡാളിയമ്മയോടു ചോദിച്ചു. 'ഡാളിയമ്മ ചോദ്യം കേട്ടു ചിരിച്ചു.. മുൻപ് സർക്കാർ സ്കൂട്ടർ തരാമെന്നു പറഞ്ഞു.. എനിക്കു പഠിക്കാൻ മടിയായതു കൊണ്ടാ... ഡാളിയമ്മയുടെ മുഖത്ത് ചിരി പടർന്നു നിൽക്കുന്നു. ചരുവത്തിൽ പെടക്കുന്ന പാരയും അയലയും.. വില ഇച്ചിരി കൂടും.. കാര്യം ഇതു ഫ്രഷാ.... '

## വോട്ടെടുപ്പ് ദിവസങ്ങളിൽ പൊതുഅവധി

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസങ്ങളിൽ അതത് ജില്ലകളിൽ പൊതുഅവധി പ്രഖ്യാപിച്ചു. ഡിസംബർ ഒമ്പതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ പൊതു അവധിയായിരിക്കും.

ഡിസംബർ 11 ന് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ, വോട്ടെടുപ്പ് നടക്കുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും.



# മാരകായുധങ്ങളുമായി ബാറിൽ ആക്രമണം; യുവതിയടക്കം മൂന്നു പേർ പിടിയിൽ

കൊച്ചി: മാരകായുധങ്ങളുമായി ബാറിൽ ആക്രമണം. ഞായറാഴ്ച വൈറ്റിലയിലുള്ള ബാറിലായിരുന്നു സംഭവം. ആക്രമണം നടത്തിയ യുവതിയടക്കം മൂന്നു പേർ പിടിയിൽ. തിരുവനന്തപുരം സ്വദേശിനി അലീന, കൊല്ലം സ്വദേശികളായ ഷഹിൻ ഷാ, അൽ അമീൻ എന്നിവരെയാണ് മരട് പോലീസ് അറസ്റ്റ് ചെയ്തത്. പ്രതികൾ മദ്യപിക്കുന്നതിനിടെ ബാറിലെത്തിയ മറ്റൊരാളുമായി തർക്കമുണ്ടായി. ബാർ ജീവനക്കാർ ഇത് ചോദ്യം ചെയ്തതോടെ സംഘർഷം തുടങ്ങുകയായിരുന്നു. തുടർന്ന് പുറത്തുപോയ അലീനയും സുഹൃത്തുക്കളും തിരികെ എത്തിയത് വടിവാളുമായാണ്.

സംഘം കാറിൽനിന്ന് വടിവാളുമെടുത്ത് ബാറിലേക്ക് വരുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. വടിവാൾ കൊണ്ടുവന്ന തിരുവനന്തപുരം സ്വദേശി വൈഷ്ണവ് ഒളിവിലാണ്. ആക്രമണത്തിൽ ബാർ ജീവനക്കാർക്കും മർദനമേറ്റു.

ബാറിൽ നിന്ന് പോയ ശേഷം അഞ്ചു തവണ പ്രതികൾ മടങ്ങി വന്ന് ആക്രമണം നടത്തിയെന്നും ജീവനക്കാരെ മർദിച്ചെന്നുമാണ് ബാർ ഉടമ നൽകിയിരിക്കുന്ന പരാതി. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് വേണ്ടി എറണാകുളത്ത് എത്തിയവരാണ് അക്രമികളെന്നാണ് അറിയുന്നത്. സംഘർഷത്തിൽ യുവതിയുടെ കൈക്ക് പരിക്കേറ്റിട്ടുണ്ട്.

# അബോധാവസ്ഥയിൽ കഴിയുന്ന ദൃഷാനയ്ക്കു 1.15 കോടി രൂപ നഷ്ടപരിഹാരം നൽകാൻ എംഎസിടി കോടതിയുടെ വിധി

കോഴിക്കോട്: ദൃഷാനയ്ക്കും കുടുംബത്തിനും ആശ്വാസമായി വടകര എംഎസിടി കോടതിയുടെ വിധി.

വടകരയിൽ വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ് അബോധാവസ്ഥയിൽ കഴിയുന്ന ഒമ്പത് വയസുകാരിയായ ദൃഷാനയ്ക്കു 1.15 കോടി രൂപ നഷ്ടപരിഹാരം നൽകനാണ് കോടതി വിധിച്ചത്.

ഇൻഷുറൻസ് കമ്പനിയാണ് തുക നൽകേണ്ടത്. ഹൈക്കോടതിയുടെയും ലീഗൽ സർവീസ് അഥോറിറ്റിയുടെയും ഇടപെടലാണ് കേസിൽ നിർണായകമായത്. കോട്ടയത്തെ സ്വകാര്യ ആശുപത്രിയിൽ ജീവിതത്തിലേക്ക് തിരിച്ചുവരാൻ പൊരുതുന്ന ദൃഷാനയുടെ തുടർചികിത്സയ്ക്ക് മാതാപിതാക്കൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്താണ് കോടതിവിധി.

സംഭവം നടന്ന് 10 മാസത്തിന് ശേഷം കാർ പോലീസ് കണ്ടെത്തുകയും വിദേശത്തേക്ക് കടന്നുകളഞ്ഞ പ്രതി ഷെജീലിനെ നാട്ടിലെത്തിച്ച് അറസ്റ്റ് ചെയ്തത് വലിയ ശ്രദ്ധ നേടിയിരുന്നു. എന്നാൽ കേസിൽ കുറ്റപത്രം സമർപ്പിച്ച് ഏഴ് മാസമായിട്ടും കുടുംബത്തിന് അപകട ഇൻഷുറൻസ് തുക ലഭിച്ചിരുന്നില്ല.

# ഇന്ത്യ ബംഗ്ലാദേശ് വനിതാ ക്രിക്കറ്റ് ടീം വൈറ്റ്ബോൾ ഹോം പരമ്പര മാറ്റിവച്ചു

ന്യൂഡൽഹി: അടുത്ത മാസം ബംഗ്ലാദേശിനെതിരെ നടക്കാനിരിക്കുന്ന ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ വൈറ്റ്ബോൾ ഹോം പരമ്പര ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് (ബിസിസിഐ) മാറ്റിവച്ചതായി വാർത്താ ഏജൻസി പിടിഐ റിപ്പോർട്ട് ചെയ്തു. ഇരു രാജ്യങ്ങൾക്കുമിടയിൽ വർധിച്ചുവരുന്ന രാഷ്ട്രീയ സംഘർഷങ്ങൾ കാരണമാണ് പരമ്പര മാറ്റിവച്ചതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

പരമ്പര പുനക്രമീകരിക്കുമെന്ന് സ്ഥിരീകരിച്ചുകൊണ്ട് ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിന് (ബിസിബി) ബിസിസിഐയിൽനിന്ന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചു. മാറ്റിവയ്ക്കലിന്റെ കാരണം ഇരു ബോർഡുകളും പരസ്യമായി വ്യക്തമാക്കിയിട്ടില്ലെങ്കിലും ഷെയ്ഖ് ഹസീനയുടെ ശിക്ഷയെ ചുറ്റിപ്പറ്റിയുള്ള രാഷ്ട്രീയ കാലാവസ്ഥയാണ് തീരുമാനത്തിന് പിന്നിലെ പ്രധാന ഘടകമെന്ന് വൃത്തങ്ങൾ സൂചിപ്പിക്കുന്നത്.

മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾക്ക് ധാക്ക ട്രൈബ്യൂണൽ അടുത്തിടെ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ വിധിച്ചിരുന്നു. ഉഭയകക്ഷി ബന്ധങ്ങളിൽ സംഘർഷം രൂക്ഷമാക്കിയ വിധിയാണിത്. ബംഗ്ലാദേശ് വിട്ട് ഇന്ത്യയിൽ പ്രവാസിയായി കഴിയുന്ന ഹസീനയെ കൈമാറണമെന്ന് ധാക്കയിലെ ഇടക്കാല സർക്കാർ ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## അഭിമുഖം മാറ്റി

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മെക്കാനിക്കൽ എൻജിനിയറിങ് അപ്രന്റീസുകളുടെ നിയമനത്തിനായി നവംബർ 20ന് നടത്താൻ നിശ്ചയിച്ചിരുന്ന അഭിമുഖം മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

## ഡാറ്റാ എൻട്രി, ഡിടിപി കോഴ്സുകൾ

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെല്ലിന്റെ കീഴിൽ ആരംഭിക്കുന്ന ഹ്രസ്വകാല ഡാറ്റാ എൻട്രി, ഡിടിപി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471-2490670.

## സഹചാരിയിലേക്ക് അപേക്ഷിക്കാം

ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന/പ്രോത്സാഹിപ്പിക്കുന്ന ചടട/ചഇഉ/ടജഇ യൂണിറ്റിനെ ആദരിക്കുന്ന സഹചാരി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഗവൺമെന്റ്/ എയ്ഡഡ്/ പ്രൊഫഷണൽ കോളേജുകൾക്ക് ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളേയും പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തും ഭിന്നശേഷിക്കാരെയും അവർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പ് പോലുള്ള വിവിധ പരിപാടികളിലും സഹായം നൽകുന്ന ജില്ലയിലെ മികച്ച മൂന്ന് ചടട/ചഇഉ/ടജഇ യൂണിറ്റിനാണ് അവാർഡ് നൽകുക. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്. അതാത് യൂണിറ്റ് തയ്യാറാക്കുന്ന റിപ്പോർട്ട് സ്ഥാപന മേധാവി ശുപാർശ ചെയ്ത് ഫോട്ടോ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നവംബർ 22 നുള്ളിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0487-2321702, ഷെറ.സല്യമഹമ.ഴീ.ശി.

## സ്കോൾ കേരള: ഓറിയന്റേഷൻ ക്ലാസ്

സ്കോൾ കേരള മുഖാന്തിരം ഹയർസെക്കണ്ടറി കോഴ്സിന് പ്രൈവറ്റായി രജിസ്റ്റർ ചെയ്ത 2025-27 ബാച്ചിലെ ഒന്നാം വർഷ വിദ്യാർഥികളുടെ നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസുകൾ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. വിശദവിവരങ്ങൾക്ക് അതത് പരീക്ഷാ കേന്ദ്രങ്ങളുമായി ബന്ധപ്പെടണം.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരളലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും (നവംബർ 18) നാളെയും (19) മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## കിക്മയിൽ സി-മാറ്റ് പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എം.ബി.എ പ്രവേശന പരീക്ഷയായ സി-മാറ്റിന് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് 5 ദിവസത്തെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 300 പേർക്കാണ് അവസരം. നവംബർ 20 വൈകിട്ട് 5 നകം രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: www.kicma.ac.in, 8548618290, 8281743442.

## പി.ജി. മെഡിക്കൽ പ്രവേശനം : 24 വരെ ഓപ്ഷൻ നൽകാം

2025 ലെ പി.ജി. മെഡിക്കൽ കോഴ്സുകളിലേക്ക് അലോട്ട്മെന്റിനുള്ള ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിന് നവംബർ 24 വരെ www.cee.kerala.gov.in ൽ സൗകര്യം ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 -2332120, 2338487.

## തദ്ദേശ തെരഞ്ഞെടുപ്പ്; ക്രിസ്മസ് പരീക്ഷ പുനക്രമീകരിച്ചു

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സ്കൂളുകളിലെ ക്രിസ്മസ് പരീക്ഷ പുനക്രമീകരിച്ചു. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകൾക്ക് ഡിസംബർ 15 മുതൽ 23 വരെയാണ് പരീക്ഷ നടക്കുക. ഡിസംബർ 23ന് സ്കൂൾ അടയ്ക്കും. അവധിക്കുശേഷം ജനുവരി അഞ്ചിന് ക്ലാസുകൾ പുനരാരംഭിക്കും. അക്കാദമിക് കലണ്ടർ പ്രകാരം 19ന് അവധി തുടങ്ങുന്ന തരത്തിലായിരുന്നു ടൈം ടേബിൾ ക്രമീകരിച്ചിരുന്നത്. തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ സ്കൂളുകൾ തെരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി വിട്ടു നൽകണം. അതിനാൽ പരീക്ഷ !ഡിസംബർ 15 മുതൽ 23 വരെ ഒറ്റഘട്ടമായി നടത്താനാണ് നീക്കം. ഹയർസെക്കൻഡറി വിഭാഗത്തിലെ ഒന്നോ രണ്ടോ പരീക്ഷകൾ സ്കൂൾ തുറന്നശേഷം നടത്തും.

## പാലക്കാട് ബിജെപിയിൽ പൊട്ടിത്തെറി; കൃഷ്ണകുമാറിനെതിരെ ആഞ്ഞടിച്ച് പ്രമീള ശശിധരൻ

പാലക്കാട്: ബിജെപി സ്ഥാനാർഥി പട്ടികയിൽ പരസ്യമായി പ്രതിഷേധമറിയിച്ച് പാലക്കാട് മുൻ നഗരസഭാ അധ്യക്ഷ പ്രമീള ശശിധരൻ. സംഘടന പിടിക്കാൻ കൃഷ്ണകുമാർ പക്ഷം ഏകപക്ഷീയമായി പട്ടിക തയാറാക്കി.

സ്വന്തം വാർഡിലെ സ്ഥാനാർഥിയെ അറിഞ്ഞത് ഇന്നലെ വൈകുന്നേരമാണ്. ഇതിൽ സംസ്ഥാന നേതൃത്വത്തോട് അതൃപ്തി അറിയിച്ചിട്ടുണ്ട്. സ്ഥാനാർഥി പ്രഖ്യാപന കൺവെൻഷനിൽ ക്ഷണിച്ചില്ല. ചെയർപേഴ്സൺ ആയിരുന്ന അവസാന കാലഘട്ടത്തിൽ ഒരു വിഭാഗം ഒറ്റപ്പെടുത്തി ക്രൂശിച്ചു. പല പരിപാടികളിലേക്കും കാണിക്കാറില്ല. ക്ഷണിച്ച പരിപാടികളിലേക്ക് കക്ഷിരാഷ്ട്രീയം നോക്കാതെ പോകാറുണ്ട്. രാഹുൽ മാങ്കൂട്ടത്തിലിനെപ്പം വേദി പങ്കിട്ടതും അതുകൊണ്ടാണ്. തന്റെ പ്രവർത്തനം കൊണ്ടാണ് പാലക്കാട് നഗരസഭയിലെ പല വാർഡുകളിലും ബിജെപി സ്ഥാനാർഥികൾക്ക് വിജയിക്കാൻ കഴിഞ്ഞതെന്നും പ്രമീള ശശിധരൻ പറഞ്ഞു.

## വാഗ്മി ഫൈനൽ മത്സരം

ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച് നിയമ വകുപ്പ് സംഘടിപ്പിക്കുന്ന മൂന്നാം അഖില കേരള ഭരണഘടനാ പ്രസംഗ മത്സരം 'വാഗ്മി 2025' ന്റെ ഫൈനൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഉദ്ഘാടനം ചെയ്യും. മേഖലാതല വിജയികൾക്കുള്ള സമ്മാനങ്ങളും ചീഫ് സെക്രട്ടറി വിതരണം ചെയ്യും. നവംബർ 20 രാവിലെ 11 ന് സെക്രട്ടേറിയറ്റ് അനക്സ് കക ലെ ശ്രുതി ഹാളിൽ നടക്കുന്ന പരിപാടിയിൽ നിയമസെക്രട്ടറി കെ. ജി. സനൽ കുമാർ അധ്യക്ഷനാകും. അഡീഷണൽ നിയമ സെക്രട്ടറി ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി ഷീജ ഡി. കെ. തുടങ്ങിയവർ സംബന്ധിക്കും.

## പി.ജി. ആയുർവേദ പ്രവേശനം: ന്യൂനതകൾ തിരുത്താം

2025-26 അധ്യയന വർഷത്തെ പി.ജി. ആയുർവേദ കോഴ്സുകളിലെ ഒന്നാം ഘട്ട സ്ട്രേ വേക്കൻസി പ്രവേശനത്തിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിലെ വിവരങ്ങൾ പരിശോധിക്കുന്നതിനും ന്യൂനതകൾ തിരുത്തുന്നതിനുമുള്ള അവസരം നവംബർ 24 ഉച്ചയ്ക്ക് 12 വരെ ലഭിക്കും. ന്യൂനതയുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in ലൂടെ അപ്‌ലോഡ് ചെയ്യണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 0471-2332120, 0471-2338487, 0471-2525300.

## ഡി.എൻ.ബി മെറിറ്റ് ലിസ്റ്റ്

2025 വർഷത്തെ ഡി.എൻ.ബി (പോസ്റ്റ് എം.ബി.ബി.എസ്) പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചവരുടെ മെറിറ്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ ०००.രലല.സല്യമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക്: 0471-2332120, 0471-2338487, 0471-2525300.

# പ്രണയം നടിച്ച് സിഐഎസ്എഫ് ഉദ്യോഗസ്ഥന്റെ മകളെ പീഡിപ്പിച്ചു; പോക്സോ കേസിൽ നാവികൻ അറസ്റ്റിൽ

കൊച്ചി: സിഐഎസ്എഫ് ഉദ്യോഗസ്ഥന്റെ പ്രായപൂർത്തിയാകാത്ത മകളെ പീഡിപ്പിച്ച കൊച്ചി നേവൽ ബേസിലെ നാവികൻ അറസ്റ്റിൽ.

15 വയസുകാരിയെ ലൈംഗികമായി പീഡിപ്പിച്ചതിന് ലീഡിംഗ് സീമാനും ഹരിയാന സ്വദേശിയുമായ അമിത് (28) ആണ് അറസ്റ്റിലായത്. കൊച്ചി ഹാർബർ പോലീസാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

സ്നാപ് ചാറ്റിലൂടെയാണ് ഇയാൾ പെൺകുട്ടിയുമായി പരിചയപ്പെട്ടത്. തിങ്കളാഴ്ച സ്കൂളിലേക്ക് പോയ പെൺകുട്ടിയെ ഇയാൾ താമസിച്ചിരുന്ന മുണ്ടംവേലിയിലെ വീട്ടിലേക്ക് വിളിച്ചുവരുത്തി പീഡിപ്പിക്കുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

പോക്സോ കേസിൽ നാവികൻ അറസ്റ്റിലായത് സ്ഥിരീകരിച്ച് നാവികസേന പത്രക്കുറിപ്പ് ഇറക്കി. പോലീസ് അന്വേഷണവുമായി സഹകരിക്കുമെന്നും സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ നേവിയും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതായി പത്രക്കുറിപ്പിൽ വ്യക്തമാക്കി.

# തിരുവനന്തപുരം കോർപ്പറേഷനിലും തുടർഭരണം ഏൽപ്പിക്കണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ

തിരുവനന്തപുരം: എൽഡിഎഫ് ഭരണകാലത്ത് കേരളത്തിൽ വികസനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 2021ൽ തുടർഭരണം ഉണ്ടായതോടെ പിന്നോട്ട് പോയിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം കോർപ്പറേഷൻ എൽഡിഎഫ് തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണത്തുടർച്ച കാരണം എല്ലാ മേഖലയിലും മുന്നേറ്റം ഉണ്ടായെന്നും ആരോഗ്യമേഖല ലോകോത്തര നിലവാരത്തിലെത്തിയെന്നും മുഖ്യമന്ത്രി പറഞ്ഞു. 2021ൽ തുടർഭരണം ഏൽപ്പിച്ചത് പോലെ തിരുവനന്തപുരം കോർപ്പറേഷൻ ഭരണവും ഏൽപ്പിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അതേസമയം തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയം നേടിയാൽ എൽഡിഎഫ് സർക്കാരിന്റെ മൂന്നാം ഭരണം ഉറപ്പായെന്ന് സിപിഎം സംസ്ഥാന ജനറൽ സെക്രട്ടറി എം. വി. ഗോവിന്ദൻ പറഞ്ഞു. തദ്ദേശ തെരഞ്ഞെടുപ്പ് വിജയം മൂന്നാം ഭരണത്തിന്റെ കേളികൊട്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

# കേരളത്തിൽ ആദ്യമായി പാസഞ്ചർ ട്രെയിനിൽ എൽഎച്ച്ബി കോച്ചുകൾ

പരവൂർ: കേരളത്തിൽ ആദ്യമായി പാസഞ്ചർ ട്രെയിനിലും പൂർണമായി എൽഎച്ച്ബി കോച്ചുകൾ ഏർപ്പെടുത്തുന്നു. നാഗർകോവിൽ തിരുവനന്തപുരം നോർത്ത് (കൊച്ചുവേളി ) അൺ റിസർവ്ഡ് പാസഞ്ചറിലാണ് (56305) 2026 ജനുവരി 15 മുതൽ എൽഎച്ച്ബി കോച്ചുകൾ ഏർപ്പെടുത്തുന്നത്.

തിരികെയുള്ള കൊച്ചുവേളി നാഗർകോവിൽ പാസഞ്ചറും (56310) അന്നു മുതൽ എൽഎച്ച്ബി കോച്ചുകളിലായിരിക്കും സർവീസ് ആരംഭിക്കുക. എസ്എംവിടി ബംഗളൂരു നാഗർകോവിൽ എക്സ്പ്രസിൽ (17235) ജനുവരി 14 മുതലും തിരികെയുള്ള നാഗർകോവിൽ ബംഗളൂരു എക്സ്പ്രസിൽ (17236)ജനുവരി 16 മുതലും എൽഎച്ച്ബി കോച്ചുകൾ ഏർപ്പെടുത്തുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

ഇതുകൂടാതെ കാക്കിനാട ടൗൺ എസ്എംവിടി ബംഗളൂരു ശേഷാദ്രി എക്സ്പ്രസിൽ (17210) ജനുവരി 13 മുതലും തിരികെയുള്ള ബംഗളൂരു കാക്കിനാട സർവീസിൽ (17209) ജനുവരി 16 മുതലും എൽഎച്ച്ബി കോച്ചുകൾ ഏർപ്പെടുത്തും. ഇതു കൂടാതെ ചെന്നൈ തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് എക്സ്പ്രസിലും (1695/96), ചെന്നൈ ആലപ്പുഴ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസിലും (22639/40) ഉടൻ എൽഎച്ച്ബി (ലിങ്ക് ഹോഫ്മാൻ ബുഷ് ) കോച്ചുകൾ ഏർപ്പെടുത്താൻ റെയിൽവേ തീരുമാനിച്ചിട്ടുണ്ട്. ഈ കോച്ചുകൾ ഘടിപ്പിച്ച് സർവീസ് നടത്തുന്ന ട്രെയിനുകൾക്ക് മണിക്കൂറിൽ പരമാവധി 160 കിലോമീറ്റർ വേഗത്തിൽ ഓടാൻ കഴിയും എന്നതാണ് ഏറ്റവും വലിയ സവിശേഷത. നിലവിലെ ഐസിഎഫ് കോച്ചുകളെക്കാൾ സുരക്ഷിതവും കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളാനുള്ള സൗകര്യവും എൽഎച്ച്ബി കോച്ചുകൾക്ക് ഉണ്ട്.

കോച്ചുകൾക്കിടയിൽ ആന്റി ക്ലൈംബിംഗ് ഉപകരണം ഘടിപ്പിച്ചിട്ടുള്ളതിനാൽ കൂട്ടിയിടി പരമാവധി ഒഴിവാക്കാനും സാധിക്കും. അഥവാ കൂട്ടിയിടി സംഭവിച്ചാലും കോച്ചുകൾക്ക് കാര്യമായ കേടുപാടുകളും സംഭവിക്കില്ല. പരമ്പരാഗത ഐസിഎഫ് കോച്ചുകളേക്കാൾ എൽഎച്ച്ബി കോച്ചുകൾക്ക് അറ്റകുറ്റപ്പണികളും കുറവാണ്.

ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ചെന്നൈയിലെ ഇൻറഗ്രൽ കോച്ച് ഫാക്ടറിയിലടക്കം ഇപ്പോൾ കൂടുതൽ എൽഎച്ച്ബി കോച്ചുകളുടെ നിർമാണം യുദ്ധകാല അടിസ്ഥാനത്തിലാണു പുരോഗമിക്കുന്നത്.

# ലഹരിക്കേസ്; ഒമ്പതു മാസത്തിനിടെ പിടിയിലായത് 108 ഇതര സംസ്ഥാനക്കാർ

കൊച്ചി: സംസ്ഥാനത്ത് ലഹരിക്കേസുകളിൽ കഴിഞ്ഞ ഒമ്പതു മാസത്തിനിടയിൽ പിടിയിലായത് 108 ഇതര സംസ്ഥാനക്കാർ. 74 കേസുകളിലായാണ് ഇത്രയും പേരെ അറസ്റ്റ് ചെയ്തത്. ദീർഘദൂര ട്രെയിനുകളിൽ കടത്തി കൊണ്ട് വന്ന മയക്കുമരുന്നുകൾ പോലീസ് പിടിച്ചെടുത്ത് 26 കേസുകൾ രജിസ്റ്റർ ചെയ്തു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് ലഹരി കടത്തുന്ന സംഘങ്ങളെ കണ്ടെത്തുന്നതിനായി ഡാൻസാഫ് സംഘം നടത്തിയ ലഹരി വേട്ടയിൽ ഒമ്പതു മാസത്തിനിടെ 149 പേരാണ് അറസ്റ്റിലായത്. 111 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതര സംസ്ഥാനങ്ങളിൽ നിന്ന് ട്രെയിൻ മാർഗമാണ് കേരളത്തിലേക്ക് ലഹരിമരുന്നുകൾ കൂടുതലായും എത്തുന്നത്.

പോലീസ് പിടികൂടുന്നതിൽ ഏറെയും കഞ്ചാവാണ്. പശ്ചിമ ബംഗാൾ, ഒഡീഷ എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് വൻ തോതിൽ കഞ്ചാവ് എത്തുന്നത്. അവിടെ നിന്ന് നിസാര വിലയ്ക്ക് വാങ്ങുന്ന കഞ്ചാവ് സംസ്ഥാനത്ത് എത്തിച്ച് വൻ തുകയ്ക്കാണ് വിൽപ്പന നടത്തുന്നത്.

ബംഗളൂരു, ആന്ധ്ര എന്നിവിടങ്ങളിൽ നിന്ന് പഴം, പച്ചക്കറി ലോറികളിൽ ലഹരിമരുന്ന് എത്തിക്കുന്ന സംഘങ്ങളും അടുത്തിടെ പോലീസ് പിടിയിലായിരുന്നു. കഴിഞ്ഞ മാർച്ചിൽ കളമശേരി ഗവ. പോളിടെക്നിക് മെൻസ് ഹോസ്റ്റലിൽ നിന്ന് വൻ തോതിൽ കഞ്ചാവ് പിടികൂടിയിരുന്നു. വിദ്യാർഥികൾക്ക് കഞ്ചാവ് എത്തിച്ചു നൽകിയത് ഇതര സംസ്ഥാനക്കാരായിരുന്നു. ഡാൻസാഫ് സംഘം നടത്തിയ ലഹരി വേട്ടയാണ് നടൻ ഷൈൻ ടോം ചാക്കോ, റാപ്പർ വേടൻ എന്നിവരുടെ അറസ്റ്റിലേക്ക് നയിച്ചതും.

# ചെങ്കോട്ട സ്ഫോടനം; ഉമർ നബിയുടെ വീഡിയോ പുറത്ത്

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനത്തിന്റെ മുഖ്യ സൂത്രധാരൻ ഉമർ നബിയുടെ വീഡിയോ പുറത്ത്. സ്ഫോടനത്തിന് തൊട്ട് മുൻപായി ചിത്രീകരിച്ച വീഡിയോയാണ് പുറത്ത് വിട്ടിരിക്കുന്നത്.

ചാവേർ ബോംബിംഗ് എന്നത് ഒരു രക്തസാക്ഷിത്വ പ്രവർത്തനമാണെന്നാണ് ഉമർ വിശദീകരിക്കുന്നത്.

ചാവേർ ആക്രമണത്തെക്കുറിച്ച് ലോകത്ത് തെറ്റായ ചിന്താഗതിയാണ് ഉള്ളത്. ഒരാൾ നേരത്തെ നിശ്ചയിച്ച സമയത്ത് സ്ഥലത്ത് മരിക്കാൻ പോവുകയാണെന്ന് ഉറപ്പിക്കുമ്പോൾ അയാൾ ഭയാനകമായ മാനസികാവസ്ഥയിലേക്ക് പോകുന്നു.

മരണമല്ലാതെ മറ്റൊരു പോംവഴിയും അവർക്ക് മുന്നിലില്ലെന്നും ഇയാൾ പറയുന്നു. ഇത് ഒരുതരത്തിലും ന്യായീകരിക്കപ്പെടുന്നില്ല. ഇത്തരം ചിന്താഗതി ജീവിതത്തിന്റെയും സമൂഹത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാന തത്വങ്ങൾക്ക് എതിരാണെന്നും ഇയാൾ പറയുന്നു.

അതേസമയം ചെങ്കോട്ടയ്ക്ക് സമീപം കാർ ബോംബ് സ്ഫോടനം നടത്തിയ ഭീകരർ ഹമാസ് മോഡൽ ആക്രമണം ലക്ഷ്യമിട്ടെന്ന് റിപ്പോർട്ടുകളുണ്ട്. ഇവർ അത്യാധുനിക രീതിയിലുള്ള ഡ്രോൺ ആക്രമണത്തിന് പദ്ധതിയിട്ടെന്നും സൂചനയുണ്ട്.

# വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ഫീസ് വർധിപ്പിച്ച് കേന്ദ്ര സർക്കാർ

ഡൽഹി: വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ഫീസ് വർധിപ്പിച്ച് കേന്ദ്ര സർക്കാർ സെൻട്രൽ മോട്ടോർ വെഹിക്കിൾസ് നിയമങ്ങളിൽ ഭേദഗതി വരുത്തി. പുതിയ നിയമങ്ങൾ അനുസരിച്ച് ഉയർന്ന ഫിറ്റ്നസ് ടെസ്റ്റ് ഫീസ് ബാധകമാക്കുന്നതിനുള്ള കാലാവധി 15 വർഷത്തിൽ നിന്ന് 10 വർഷമായി മാറ്റി നിശ്ചയിച്ചിട്ടുമുണ്ട്.

വാഹനങ്ങളുടെ പഴക്കം അനുസരിച്ച് മൂന്ന് വിഭാഗങ്ങളായി തിരിച്ചുകൊണ്ടാണ് ഫീസ് വർധിപ്പിച്ചിട്ടുള്ളത്. 10-15 വർഷം, 15-20 വർഷം, 20 വർഷത്തിൽ കൂടുതൽ എന്നിങ്ങനെയാണ് തരം തിരിച്ചിട്ടുള്ളത്. വാഹനം പഴകുംതോറും ഓരോ വിഭാഗത്തിനും ഉയർന്ന ഫീസാണ് ഈടാക്കുക.

ഹെവി കൊമേഷ്യൽ വാഹനങ്ങൾക്കാണ് ഏറ്റവും വലിയ വർധന വരുത്തിയിട്ടുള്ളത്. പുതുക്കിയ നിരക്കനുസരിച്ച് 20 വർഷത്തിലധികം പഴക്കമുള്ള ഒരു ട്രക്കിനോ ബസിനോ ഇനി ഫിറ്റ്നസ് ടെസ്റ്റിനായി 25,000 രൂപ നൽകേണ്ടിവരും. മുന്പ് ഇത് 2,500 രൂപയായിരുന്നു. ഇതേ പരിധിയിലുള്ള മീഡിയം കൊമേഷ്യൽ വാഹനങ്ങൾ 1,800 രൂപയ്ക്ക് പകരം 20, 000 രൂപ നൽകണം. 20 വർഷത്തിൽ കൂടുതലുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് ഇനി 15,000 രൂപയാണ് പുതുക്കിയ നിരക്ക്. മുച്ചക്ര വാഹനങ്ങൾക്ക് 7,000 രൂപയും 20 വർഷത്തിലധികം പഴക്കമുള്ള ഇരുചക്ര വഹനങ്ങൾക്ക് 2,000 രൂപയുമാണ് ഫീസ്. 15 വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങൾക്ക് പുതുക്കിയ റൂൾ 81 പ്രകാരം ഫിറ്റ്നസ് ടെസ്റ്റുകൾക്കായി മോട്ടോർസൈക്കിളുകൾക്ക് 400 രൂപ നൽകണം. എൽഎംവികൾക്ക് 600 രൂപയും മീഡിയം, ഹെവി കൊമേഷ്യൽ വാഹനങ്ങൾക്ക് 1,000 രൂപയും നൽകണം.

# ഇന്നുമുണ്ട് മഴ, ഒപ്പം ഇടിമിന്നലും; ആറു ജില്ലകളിൽ യെല്ലോ അലർട്ട്

കൊച്ചി: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത. വിവിധയിടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിൽ യെല്ലോ അലർട്ടാണ്. ബുധനാഴ്ച കോട്ടയം, ഇടുക്കി ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരും മണിക്കൂറിൽ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്ക് സാധ്യതയുണ്ട്.

അതേസമയം, കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നു മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തെക്കൻ കേരള തീരത്തും ലക്ഷദ്വീപ് പ്രദേശങ്ങളിലും മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ആൻഡമാൻ കടൽ, തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

# രഞ്ജി ട്രോഫി; കേരളം കൂറ്റൻ ലീഡിലേക്ക്

ഇൻഡോർ: രഞ്ജി ട്രോഫിയിൽ മധ്യപ്രദേശിനെതിരെ കേരളം കൂറ്റൻ ലീഡിലേക്ക്. മൂന്നാം ദിനം കളിയവസാനിപ്പിക്കുമ്പോൾ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 226 റൺസെന്ന നിലയിലാണ് കേരളം.

ഒന്നാമിന്നിംഗ്സിലെ 89 റൺസിന്റെ ലീഡുകൂടി ചേർത്തപ്പോൾ നിലവിൽ 315 റൺസിന്റെ ലീഡായി. സച്ചിൻ ബേബിയും(85) ബാബ അപരാജിത്തുമാണ്(89) ക്രീസിൽ. രണ്ടാമിന്നിംഗ്സിൽ സച്ചിൻ ബേബി, ബാബ അപരാജിത് എന്നിവരുടെ നാലാം വിക്കറ്റ് കൂട്ടുകെട്ടാണ് കേരളത്തിന് മികച്ച സ്കോർ സമ്മാനിച്ചത്. 82-3 എന്ന നിലയിൽ നിന്ന് ഇരുവരും ചേർന്ന് ടീമിനെ മുന്നോട്ട് നയിക്കുന്നത്.

നേരത്തെ കേരളത്തിന്റെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 281നെതിരെ മധ്യപ്രദേശ് 192ന് എല്ലാവരും പുറത്താവുകയായിരുന്നു. നാല് വിക്കറ്റ് വീഴ്ത്തിയ ഏദൻ ആപ്പിൾ ടോം, മൂന്ന് വിക്കറ്റ് വീഴ്ത്തിയ എം. ഡി. നിധീഷ് എന്നിവരാണ് മധ്യപ്രദേശിനെ തകർത്തത്. 67 റൺസ് നേടിയ സരൺഷ് ജെയ്നാണ് മധ്യപ്രദേശിന്റെ ടോപ് സ്കോറർ.

# യുഡിഎഫ് സീറ്റ് വിഭജനത്തിൽ ധാരണയായി; വൈക്കത്ത് കോൺഗ്രസ് സ്ഥാനാർഥി മത്സരിക്കും

കോട്ടയം: തദ്ദേശ തെരഞ്ഞെടുപ്പിൽ കോട്ടയം ജില്ലാ പഞ്ചായത്തിലേക്കുള്ള യുഡിഎഫ് സീറ്റ് വിഭജനത്തിൽ ധാരണയായി. ആകെയുള്ള 23 സീറ്റുകളിൽ കോൺഗ്രസ് പതിനാറിടത്തും കേരളാ കോൺഗ്രസ് ഏഴ് സീറ്റിലും മത്സരിക്കും.

മുസ്‌ലീം ലീഗിന് നൽകിയ വൈക്കം സീറ്റിൽ ഇത്തവണ കോൺഗ്രസ് സ്ഥാനാർഥി മത്സരിക്കും. അനുയോജ്യമായ സ്ഥാനാർഥിയെ കണ്ടെത്താൻ കഴിയാത്തതിനാൽ വൈക്കം കോൺഗ്രസിനു നൽകുകയാണെന്ന് ലീഗ് ജില്ലാ നേതൃത്വം അറിയിച്ചു.

കിടങ്ങൂർ, തൃക്കൊടിത്താനം, അതിരമ്പുഴ, കുറവിലങ്ങാട്, ഭരണങ്ങാനം, കാഞ്ഞിരപ്പള്ളി, കങ്ങഴ എന്നീ സീറ്റുകളിൽ കേരള കോൺഗ്രസ് മത്സരിക്കും. യുഡിഎഫ് ജില്ലാ നേതൃയോഗത്തിലാണ് സീറ്റ് നൽകുന്നത് സംബന്ധിച്ച് തീരുമാനമായത്.

## തണുപ്പകറ്റാൻ മുറിയിൽ മരക്കരി കത്തിച്ചു; മൂന്ന് പേർ ശ്വാസം മുട്ടി മരിച്ചു

കർണാടക: മരക്കരി കത്തിച്ച പുക ശ്വസിച്ച് മൂന്ന് യുവാക്കൾ ശ്വാസം മുട്ടി മരിച്ചു. കർണാടകയിലെ ബെലഗാവിയിലാണ് സംഭവം. അമൻ നഗർ സ്വദേശികളായ റിഹാൻ (22), മൊഹീൻ (23), സർഫറാസ് (22) എന്നിവരാണ് മരിച്ചത്.

തണുപ്പിൽനിന്ന് രക്ഷ നേടാനാണ് ഇവർ മുറിയിൽ മരക്കരി കത്തിച്ചത്. ഇതിൽ നിന്നുള്ള വിഷപ്പുകയേറ്റ് ശ്വാസംമുട്ടിയാണ് മരണം സംഭവിച്ചിരിക്കുന്നത്.

ഇവർക്കൊപ്പം മുറിയിൽ ഉണ്ടായിരുന്ന മറ്റൊരു യുവാവ് ഷാനവാസി (19)നെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

## പുടിന്റെ സന്ദർശനം: ചർച്ചകൾ തുടരുന്നു

ന്യൂഡൽഹി: റഷ്യൻ പ്രസിഡൻറ് വ്ളാഡ്മിർ പുടിൻ അടുത്തമാസം ആദ്യം ഇന്ത്യയിലെത്തുന്നതിന്റെ മുന്നോടിയായി ചർച്ചകൾ പുരോഗമിക്കുന്നു. പുടിന്റെ സഹായി നിക്കോളായ് പത്രുഷേവ് ഇന്നലെ ഡൽഹിയിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിനെ കണ്ടു. നാഷണൽ മാരിടൈം സുരക്ഷാ കോ ഓർഡിനേറ്റർ വൈസ് അഡ്മിറൽ ബിശ്വജിത് ദാസ്ഗുപ്തയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. അടുത്തമാസം അഞ്ചിന് പുടിൻ ഇന്ത്യയിലെത്തുമെന്നാണു കരുതുന്നത്. ഇതുസംബന്ധിച്ച് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ റഷ്യയിൽ ചർച്ചകൾ തുടരുകയാണ്. ഇന്നലെ റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലാവ്റോവുമായി ജയശങ്കർ കൂടിക്കാഴ്ച നടത്തി.

# വോട്ടർ പട്ടിക തീവ്ര പരിഷ്കരണം: കോൺഗ്രസ് നേതാക്കളുടെ യോഗം ഡൽഹിയിൽ

ന്യൂഡൽഹി: വോട്ടർ പട്ടിക തീവ്ര പരിഷ്കരണം (എസ്ഐആർ) ചർച്ച ചെയ്യാൻ കോൺഗ്രസ് വിളിച്ച യോഗം ഇന്ന് ഡൽഹിയിൽ ചേരും. രാവിലെ 10. 30ന് ഇന്ദിരാഭവനിലാണ് യോഗം.

പിസിസി അധ്യക്ഷൻമാരും, നിയമസഭാ കക്ഷി നേതാക്കളും, സംസ്ഥാനങ്ങളുടെ ചുമതലയുള്ള നേതാക്കൾ എന്നിവരാണ് യോഗത്തിനെത്തുക. കേരളം ഉൾപ്പെടെ ഒമ്പതു സംസ്ഥാനങ്ങളിലെയും മൂന്നു കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും നേതാക്കൾ യോഗത്തിൽ പങ്കെടുക്കും. എസ്ഐആറുമായി ബന്ധപ്പെട്ട് ഉയരുന്ന ആശങ്കകൾ ചർച്ച ചെയ്യാനാണ് യോഗം. വോട്ട് കൊള്ളയും എസ്ഐആറിലെ ക്രമക്കേടുകളും ചർച്ച ചെയ്യുന്നതിനൊപ്പം എസ്ഐആറിനെതിരായ തുടർ പ്രതിഷേധ പരിപാടികൾക്കും യോഗം രൂപം നൽകും.

# അമേരിക്കയിൽനിന്ന് എൽപിജി: കരാറിൽ ഒപ്പുവച്ചു

ന്യൂഡൽഹി: അമേരിക്കയിൽനിന്ന് എൽപിജി ഇറക്കുമതി ചെയ്യുന്നതിനുള്ള കരാറിൽ ഇന്ത്യ ഒപ്പിട്ടു. അടുത്ത ഒരു വർഷത്തേക്ക് 10 ലക്ഷം ടൺ എൽപിജിയാണ് ഇറക്കുമതി ചെയ്യുക.

ആകെ ഇറക്കുമതിയുടെ 10 ശതമാനത്തോളമാണിത്. ഇറക്കുമതി സംബന്ധിച്ച് രാജ്യത്തെ എണ്ണ കന്പനികളുമായി ചർച്ച നടത്തി!യെന്നും ഇന്ത്യയുടെ ഊർജ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ഈ തീരുമാനമെന്നും കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി അറിയിച്ചു.

യുഎസിന്റെ ഗൾഫ് കോസ്റ്റ് വഴിയാണ് ഇന്ത്യയിലേക്ക് എൽപിജി എത്തിക്കുക. ഇന്ത്യയിലെ പൊതുമേഖലാ എണ്ണ കന്പനികളായ ഇന്ത്യൻ ഓയിൽ കോർപറേഷൻ (ഐഒസി), ഭാരത് പെട്രോളിയം കോർപറേഷൻ (ബിപിസിഎൽ), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ (എച്ച്പിസിഎൽ) തുടങ്ങിയവർ അമേരിക്കയിൽ നിന്നുള്ള എൽപിജി ഇറക്കുമതിക്കുള്ള സംയുക്ത ടെൻഡർ അമേരിക്കൻ എണ്ണ കന്പനികളായ ഷെവ്റോൺ, ഫിലിപ്സ് 66,ടോട്ടൽ എനർജീസ് ട്രേഡിംഗ് എന്നിവയ്ക്ക് നൽകിയതായാണ് വിവരം.

എന്നാൽ ടെണ്ടർ സംബന്ധിച്ച പൂർണവിവരം ലഭ്യമല്ല. ഇന്ത്യൻ വിപണിയിലേക്ക് അമേരിക്കൻ എൽപിജി കന്പനികൾക്കുള്ള ആദ്യ കരാറാണിത്. ഇന്ത്യയുടെ എൽപിജി ഇറക്കുമതിയുടെ ഭൂരിഭാഗവും സൗദി അറേബ്യ, യുഎഇ, ഖത്തർ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ്. പശ്ചിമേഷ്യക്കു പുറമെനിന്നുള്ള വിതരണക്കാർക്കും വിപണി തുറന്നുകൊടുക്കാൻ തയാറാകുന്നു എന്ന സൂചനയാണ് അമേരിക്കയുമായുള്ള കരാർ. ഇന്ത്യ അമേരിക്ക വ്യാപാരക്കരാർ ഉടൻ ഉണ്ടാകുമെന്ന അഭ്യൂഹങ്ങൾ ശക്തമായിട്ടുണ്ട്. ഊർജമേഖലയിലെ സഹകരണമായിരുന്നു വ്യാപാരക്കരാറിൽ അമേരിക്ക പ്രധാനമായും ഉയർത്തിയിരുന്ന ആവശ്യം.

## ബിഹാറിലെ 12 % എംഎൽഎമാർ വനിതകൾ

ന്യൂഡൽഹി: ബിഹാറിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട എംഎൽഎമാരിൽ 12 ശതമാനം വനിതകൾ. 29 വനിതകളാണ് ഇത്തവണ തെരഞ്ഞെടുക്കപ്പെട്ടത്. 2020ൽ 26 പേരാണു വിജയിച്ചത്. വനിതാ എംഎൽഎമാരിൽ 13 പേർ 25നും 39നും ഇടയിൽ പ്രായമുള്ളവരാണ്. പിആർഎസ് ലെജിസ്ലേറ്റീവ് റിസർച്ച് ആണ് കണക്ക് പുറത്തുവിട്ടത്.

# സൗദി ബസ് അപകടം: മൃതദേഹങ്ങൾ തിരിച്ചറിയാനുള്ള നടപടികൾ ആരംഭിച്ചു

ജിദ്ദ: സൗദിയിൽ ബസും ടീസൽ ടാങ്കറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ചവരെ തിരിച്ചറിയാനുള്ള നടപടികൾ ആരംഭിച്ചു. അപകടത്തിൽ മരണപ്പെട്ടവരുടെ ബന്ധുക്കളും തെല്ലങ്കാന സർക്കാർ പ്രതിനിധികളും ഇന്ന് സൗദിയിൽ എത്തും.

മൃതദേഹങ്ങളുടെ സാമ്പിൾ ഫോറൻസിക് പരിശോധനയ്ക്ക് അയച്ചതായി അധികൃതർ വ്യക്തമാക്കി. എന്നാൽ ഇതിന്റെ പരിശോധന ഫലം പുറത്തുവരാൻ 48 മണിക്കൂർ സമയമെടുക്കും. അപകടത്തിൽ രക്ഷപ്പെട്ട അബ്ദുൽ ഷുഹൈബ് മുഹമ്മദ് ആശുപത്രിയിൽ ചികിത്സയിലാണ്.

ഉംറ നിർവഹിച്ച് തിരിച്ച് വരുംവഴി അപകടത്തിൽ 45 തീർഥാടകരാണ് മരിച്ചത്. ബദറിനും മദീനയ്ക്കും ഇടയിലുള്ള മുഫറഹാത്തിൽ ഇന്ത്യൻ സമയം തിങ്കളാഴ്ച പുലർച്ചെ ഒന്നരയോടെയാണ് അപകടം. മരിച്ചവരിൽ ഒരു കുടുംബത്തിലെ 18 പേരും ഉൾപ്പെട്ടതായുള്ള റിപ്പോർട്ടുകളുണ്ട്.ഇതിൽ ഒൻപത് പേരും കുട്ടികളാണ്. ശനിയാഴ്ച തിരികെ എത്തേണ്ടവരായിരുന്നു അപകടത്തിൽപെട്ട തീർഥാടകർ. അപകടത്തിൽ മുഖ്യമന്ത്രി രേവന്ത് റെഡ്ഡി നടുക്കം രേഖപ്പെടുത്തി.

# നഴ്സായി ചമഞ്ഞ് യുവതി ആശുപത്രിയിൽ നിന്ന് കുഞ്ഞുമായി കടന്നു

കോൽക്കത്ത: നഴ്സായി ചമഞ്ഞ് കുട്ടിയുടെ അമ്മയുമായി സൗഹൃദം സ്ഥാപിച്ച ശേഷം യുവതി കുഞ്ഞുമായി കടന്നു. പശ്ചിമ ബംഗാളിലെ സർക്കാർ ഉടമസ്ഥതയിലുള്ള കുട്ടികളുടെ ആശുപത്രിയിൽ തിങ്കളാഴ്ചയായിരുന്നു സംഭവം.

കുഞ്ഞുമായി ബസിൽ ആശുപത്രിയിലേക്കു പോകുംവഴിയാണ് യുവതി പരിചയപ്പെട്ടതെന്ന് സൗത്ത് 24 പർഗാന ജില്ലയിൽ കാശിപ്പൂരിൽ നിന്നുള്ള മഞ്ജുള ബീബി പോലീസിന് നൽകിയ പരാതിയിൽ പറയുന്നു.

യുവതി അതേ ആശുപത്രിയിൽ നഴ്സായി ജോലി ചെയ്യുകയാണെന്നാണ് മഞ്ജുള ബീബിയോടു പറഞ്ഞത്. ഇരുവരും ഒരുമിച്ചാണ് ആശുപത്രിയിൽ എത്തിയത്. കുഞ്ഞിന് ഡോക്ടറെ കാണിച്ച മഞ്ജുള ബീബി തുടർന്ന് കുഞ്ഞിനെ ആ യുവതിയെ ഏൽപ്പിച്ച ശേഷം മരുന്നു വാങ്ങാനായി പോയി. തിരികെ എത്തിയപ്പോൾ കുഞ്ഞിനെയും ആ സ്ത്രീയെയും കാണാനില്ലായിരുന്നു. ആശുപത്രിയിൽ അവരെ കണ്ടെത്താൻ കഴിയാതെ വന്നതോടെ കുടുംബം ഫൂൽബഗാൻ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയായിരുന്നു.

പ്രതിയായ യുവതിയെ തിരിച്ചറിയാൻ അന്വേഷണം ആരംഭിച്ചു. ആശുപത്രിയിലെ സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ പരിശോധിച്ചുവരികയാണെന്നും പോലീസ് പറഞ്ഞു.

# ടി. പി വധക്കേസ് പ്രതി ജ്യോതി ബാബുവിന്റെ ജാമ്യഹർജി; തീരുമാനമെടുക്കാതെ സുപ്രീം കോടതി

ന്യൂഡൽഹി: ടി. പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതി ജ്യോതി ബാബുവിന്റെ ജാമ്യ ഹർജിയിൽ തീരുമാനമെടുക്കാതെ സുപ്രീംകോടതി. സാക്ഷിമൊഴികൾ കാണാതെ കേസിൽ തീരുമാനം എടുക്കാൻ കഴിയില്ലെന്നു കോടതി വ്യക്തമാക്കി. കേസുമായി ബന്ധപ്പെട്ട വിചാരണ കോടതിയുടെ രേഖകൾ കാണണമെന്നും ബെഞ്ച് ആവശ്യപ്പെട്ടു.

സാക്ഷിമൊഴിയടക്കമുള്ള രേഖകൾ 15 ദിവസത്തിനുള്ളിൽ ഹാജരാക്കാൻ ജസ്റ്റീസുമാരായ സഞ്ജീവ് കരോൾ, എസ്. സി. ശർമ എന്നിവരുടെ ബെഞ്ച് നിർദേശിച്ചു. ആരോഗ്യകാരണം ചൂണ്ടിക്കാട്ടിയാണ് ജ്യോതി ബാബു ജാമ്യത്തിനായി സുപ്രീംകോടതിയെ സമീപിച്ചത്.

ജ്യോതി ബാബുവിന് ജാമ്യം നൽകുന്നതിനെ എതിർത്ത് ടി. പി. ചന്ദ്രശേഖരന്റെ ഭാര്യ കെ. കെ. രമ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. പ്രതികൾക്ക് ലഭിക്കേണ്ടതിലും കൂടുതൽ ഇളവുകളാണ് ലഭിച്ചതെന്നും സംവിധാനങ്ങളുടെ വിശ്വാസ്യത നഷ്ടമാകുന്ന തരത്തിലുള്ള നടപടികളാണ് ഉണ്ടായതെന്നും രമ കോടതിയിൽ ചൂണ്ടിക്കാട്ടി.

കേസിൽ സർക്കാരും കുറ്റവാളികളും തമ്മിൽ ഒത്തുകളിക്കുകയാണെന്ന് രമയ്ക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ആർ. ബസന്ത് ആരോപിച്ചു. എന്നാൽ സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരായ പി. വി. ദിനേശ് ഇതിനെ ശക്തിയായി എതിർത്തു. സർക്കാരിന്റെ നിലപാട് കോടതിയെ അറിയിക്കാതെ ഇത്തരം പരാമർശം പാടില്ലെന്ന് സംസ്ഥാന സർക്കാരിന്റെ അഭിഭാഷകൻ വ്യക്തമാക്കി. 12 വർഷത്തിനിടയിൽ കേസിൽ ശിക്ഷിക്കപ്പെട്ട മൂന്നു പേർക്ക് ആയിരം ദിവസത്തിലധികം പരോൾ അനുവദിച്ചതായി രമ കോടതിയിൽ പറഞ്ഞു. കേസിലെ പന്ത്രണ്ടാം പ്രതിയാണ് ജ്യോതി ബാബു.

# വ്യോമസേനാ ഹെലികോപ്റ്റർ അടിയന്തരമായി നിലത്തിറക്കി

ബെറേലി: പരിശീലന പറക്കലിനിടെ സാങ്കേതിക തകരാർ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വ്യോമസേനാ ഹെലികോപ്റ്റർ യുപിയിലെ ബറേലിയിൽ ഇറക്കി. മിർഗഞ്ചിലെ ഒരു പൊതുസ്ഥലത്താണ് ഹെലികോപ്റ്റർ ഇറക്കിയത്.

സേനാംഗങ്ങൾ മുഴുവൻ സുരക്ഷിതരാണെന്നും ഒരു തരത്തിലുള്ള നാശനഷ്ടവും ഉണ്ടായിട്ടില്ലെന്നും വ്യോമസേന വക്താവ് പറഞ്ഞു. അഡ്വാൻസ്ഡ് ലൈറ്റ് വിഭാഗത്തിൽപ്പെട്ട ഹെലികോപ്റ്ററിന്റെ സാങ്കേതിക തകരാർ വിദഗ്ധ സംഘം പരിശോധിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

## വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ

2025 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ് തിരുവനന്തപുരം ജില്ലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പെയിന്റിംഗ്, ഉപന്യാസ രചന (മലയാളം/ ഇംഗ്ലീഷ്), കാർഷിക ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കും. നവംബർ 29ന് തിരുവനന്തപുരം പാറോട്ടുകോണത്തെ സംസ്ഥാന സോയിൽ മ്യൂസിയത്തിൽ വച്ചാണ് മത്സരങ്ങൾ. താല്പര്യമുള്ള വിദ്യാർഥികൾ ഫോൺ: 0471 2541776/9544727095/7025802695

# തമിഴ്നാട്ടിൽ റവന്യു ജീവനക്കാർ എസ്ഐആർ ജോലി ബഹിഷ്കരിക്കും

ചെന്നൈ: വോട്ടർപട്ടിക തീവ്രപരിഷ്കരണം(എസ്ഐആർ) മൂലമുള്ള അധികജോലിഭാരവും ആൾക്ഷാമവും തങ്ങളുടെ മാനസിക നില തകരാറിലാക്കുന്നുവെന്നു ചൂണ്ടിക്കാട്ടി തമിഴ്നാട്ടിൽ റവന്യു ഉദ്യോഗസ്ഥർ ഇന്ന് എസ്ഐആർ ജോലികൾ ബഹിഷ്കരിക്കും. തമിഴ്നാട് ഫെഡറേഷൻ ഓഫ് അസോസിയേഷൻസ് ഓഫ് റവന്യു എംപ്ലോയീസിന്റെ നേതൃത്വത്തിലാണ് ബഹിഷ്കരണം.

ബിഎൽഒമാരുടെ എണ്ണം വർധിപ്പിക്കുക, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അർധരാത്രിവരെ നീളുന്ന യോഗങ്ങൾ അവസാനിപ്പിക്കുക, ദിവസം മൂന്നു മീറ്റിംഗുകൾ എന്നതു ചുരുക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചാണു പ്രക്ഷോഭം. തിടുക്കത്തിൽ എസ്ഐആർ നടപടികൾ ആരംഭിച്ചതാണ് പ്രശ്നങ്ങൾക്കു കാരണമെന്നും അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. തഹസിൽദാർമാർ, വില്ലേജ് അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥർ, വില്ലേജ് അസിസ്റ്റൻറുമാർ, സർവേയർമാർ, ഇൻസ്പെക്ടർമാർ, ഓഫീസ് അസിസ്റ്റൻറുമാർ എന്നിവർ പ്രക്ഷോഭത്തിൽ പങ്കെടുക്കും.

ഡിസംബർ നാലിന് എസ്ഐആർ നടപടികൾ അവസാനിപ്പിക്കണം.

# ഇഡി ഉദ്യോഗസ്ഥരെന്ന വ്യാജേന ഡിജിറ്റൽ തട്ടിപ്പ്; പ്രവാസിക്ക് നഷ്ടമായത് ഒന്നരക്കോടി

കോഴിക്കോട്: ഇഡി ഉദ്യോഗസ്ഥരെന്ന വ്യാജേന നടത്തിയ ഡിജിറ്റൽ തട്ടിപ്പിൽ പയ്യോളി സ്വദേശിയായ പ്രവാസിക്ക് നഷ്ടമായത് ഒന്നരക്കോടി. സൈബർ ക്രൈം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

പരാതിക്കാരന് പോപ്പുലർ ഫ്രണ്ടുമായി ബന്ധമുണ്ടെന്ന് പറഞ്ഞായിരുന്നു ഭീഷണി. അക്കൗണ്ടിലുള്ള തുക പിഎഫ്ഐയുടെ സാമ്പത്തിക ഇടപാടുകൾക്കായി വിനിയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തിയതായും തട്ടിപ്പുകാർ വിശ്വസിപ്പിച്ചു. തുടർന്ന് മറ്റൊരു അക്കൗണ്ടിലേക്ക് പണം മാറ്റാൻ ആവശ്യപ്പെടുകയായിരുന്നു. എസ്ബിഐ അക്കൗണ്ടിലുള്ള തുകയാണ് പരാതിക്കാരൻ തട്ടിപ്പുകാരുടെ അക്കൗണ്ടിലേക്ക് മാറ്റിയത്. വാട്ട്സ് ആപ്പിൽ ബന്ധപ്പെട്ടാണ് തട്ടിപ്പ് നടത്തിയത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഫാ. ജോളി വടക്കൻ ഗൾഫു നാടുകളിലെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റർ



കൊച്ചി: സീറോ മലബാർ സഭയുടെ വളർച്ചയുടെ പടവുകളിൽ നിർണായക നാഴികക്കല്ലായി ഗൾഫു നാടുകളിലെ സീറോമലബാർ വിശ്വാസികൾക്കു വേണ്ടിയുള്ള അപ്പസ്തോലിക് വിസിറ്ററായി ഇരിങ്ങാലക്കുട രൂപതാംഗമായ റവ. ഫാ. ജോളി വടക്കനെ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ നിയമിച്ചു.

ഇതു സംബന്ധിച്ചു വത്തിക്കാനിൽനിന്നുള്ള അറിയിപ്പു മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനു ഭാരതത്തിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ച്ബിഷപ്പ് ലെയോപോൾദോ ജിറേല്ലിവഴി ലഭിച്ചു ഗൾഫുനാടുകളിൽ സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനസംവിധാനങ്ങൾ രൂപപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാനും കർമപദ്ധതി തയാറാക്കാനുമാണ് അപ്പസ്തോലിക് വിസിറ്ററെ നിയമിച്ചിരിക്കുന്നത്.

അറേബ്യൻ ഉപദ്വീപിലെ രണ്ട് അപ്പസ്തോലിക് വികാരിയാത്തുകളുടെ അധ്യക്ഷന്മാരുമായുള്ള ഐക്യത്തിലും സഹകരണത്തിലുമായിരിക്കും അപ്പസ്തോലിക് വിസിറ്റർ പ്രവർത്തിക്കുന്നത്.

ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ച ഫാ. ജോളി വടക്കൻ, ഇരിങ്ങാലക്കുട രൂപതയിലെ ഏതാനും ഇടവകകളിൽ ശുശ്രൂഷചെയത്തശേഷം റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽനിന്നു മീഡിയായിലും മതബോധനത്തിലും ലൈസൻഷ്യേറ്റ് ബിരുദം കരസ്ഥമാക്കി.

ഇരിങ്ങാലക്കുട രൂപതാ മീഡിയാ ഡയറക്ടർ, മതബോധന ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ, പാസ്റ്ററൽ സെന്റർ ഡയറക്ടർ തുടങ്ങിയ ഉത്തരവാദിത്തങ്ങൾക്കുപുറമേ വിവിധ ഇടവകകളിൽ വികാരിയായും അദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2013 മുതൽ 2019 വരെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ മാധ്യമ കമ്മിഷൻ സെക്രട്ടറിയായിരുന്നു. 2024 ജൂലൈ മുതൽ ഇരിങ്ങാലക്കുട രൂപതയുടെ സിഞ്ചെല്ലൂസായി സേവനം ചെയ്തു വരുമ്പോഴാണ് പുതിയ നിയമനം ലഭിച്ചിരിക്കുന്നത്.

# ശബരിമലയിലെ തിരക്കിന്റെ ഉത്തരവാദിത്തം സർക്കാരിന്: വി. ഡി. സതീശൻ

തിരുവനന്തപുരം: ശബരിമലയിലെ തിരക്ക് നിയന്ത്രിക്കാൻ സർക്കാരും ദേവസ്വം ബോർഡും പരാജയപ്പെട്ടുവെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ശബരിമലയിലെ ഭയാനക സാഹചര്യത്തിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്.

ശബരിമലയിലെ സ്വർണം കൊള്ളയടിച്ചതിനു പിന്നാലെ തീർഥാടന കാലവും സർക്കാരും ദേവസ്വം ബോർഡും അവതാളത്തിലാക്കി. വിഷയത്തിൽ ഹൈക്കോടതി ഇടപെടണം. ശബരിമലയിൽ ഭയാനകമായ അവസ്ഥയെന്നാണ് ദേവസ്വം പ്രസിഡൻറ് പറഞ്ഞത്.

പന്ത്രണ്ടും പതിമൂന്നും മണിക്കൂർ ക്യൂ നിന്നാണ് പലരും ദർശനം നടത്തുന്നത്. ദർശനം നടത്തിയ പലർക്കും പതിനെട്ടാം പടി ചവിട്ടാനായില്ല. ഭക്തർക്ക് കുടിവെള്ളം നൽകാനുള്ള സംവിധാനം പോലും ഒരുക്കിയിട്ടില്ല.

ആവശ്യത്തിന് പോലീസുകാരെയും ഉദ്യോഗസ്ഥരെയും നിയോഗിക്കാതെ ഉത്തരവാദിത്തരഹിതമായാണ് ദേവസ്വവും സർക്കാരും പെരുമാറിയത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടമാണ് എല്ലാത്തിനും കാരണമെന്നാണ് ദേവസ്വം മന്ത്രിയും സർക്കാരും പറയുന്നത്.

മാസങ്ങൾക്ക് മുൻപ് തുടങ്ങേണ്ട മുന്നൊരുക്കത്തിന് ഏതാനും ദിവസങ്ങൾക്ക് മുൻപ് നിലവിൽ വന്ന പെരുമാറ്റച്ചട്ടം തടസമായെന്ന് സർക്കാർ പറയുന്നത് അപഹാസ്യമാണെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു.

# പത്രിക നൽകുന്നതിന് തൊട്ടുമുമ്പ് സ്ഥാനാർഥി മുങ്ങി; വെട്ടിലായി സിപിഐ

തിരുവനന്തപുരം: പത്രിക നൽകുന്നതിന് തൊട്ടുമുമ്പ് സ്ഥാനാർഥി മുങ്ങിയതോടെ തലസ്ഥാനത്തെ സിപിഐ നേതൃത്വം വെട്ടിലായി. ഊരുട്ടമ്പലം വാർഡിലെ സ്ഥാനാർഥിയായി തീരുമാനിച്ച ജോസാണ് വാട്സ്ആപ്പ് ഗ്രൂപ്പിൽ കുറുപ്പിട്ടശേഷം മുങ്ങിയത്.

തുടർന്ന് ജോസിനെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കിട്ടിയില്ല. നിലവിൽ സ്ഥാനാർഥി ഒളിവിലെന്നാണ് സൂചന. തെരഞ്ഞെടുപ്പിൽ സിപിഎമ്മിന്റെ ഭാഗത്തുനിന്ന് സഹകരണം ലഭിക്കുന്നില്ലെന്ന് ജോസ് പരാതി പറഞ്ഞിരുന്നു.

ജോസിനെ സ്ഥാനാർഥിയാക്കിയതിൽ സിപിഐയിലും എതിർപ്പുണ്ടായിരുന്നു. ആർക്കും ഒറ്റയ്ക്ക് ഒരു യുദ്ധം വിജയിക്കാനാവില്ല. സ്ഥാനാർഥിയായപ്പോൾ തന്നെ പാർട്ടിയിൽ ഒറ്റപ്പെട്ടു. എല്ലാവരും കൂട്ടായി കഠിനമായി പരിശ്രമിച്ചാൽ പോലും ജാതീയമായ ധ്രുവീകരണമുണ്ടായാൽ വിജയം അസാധ്യമാകും. നോമിനേഷൻ നൽകുന്നതിനു മുമ്പ് ഇത് പറയുന്നത് പാർട്ടിയോട് കാട്ടുന്ന ചതിയാണെന്നറിയാം. എങ്കിലും ഇനിയും വൈകിയിട്ടില്ല എന്നതുകൊണ്ടാണ് ഇപ്പോൾ തന്നെ അറിയിക്കുന്നത്. മത്സരരംഗത്തുനിന്ന് പിൻമാറുകയാണെന്നും വാട്സ്ആപ്പ് സന്ദേശത്തിൽ പറയുന്നു.

# വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തണം; യുഡിഎഫ് മേയർ സ്ഥാനാർഥി വി. എം. വിനു ഹൈക്കോടതിയിൽ

കോഴിക്കോട്: വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് കോർപറേഷൻ യുഡിഎഫ് മേയർ സ്ഥാനാർഥിയും സംവിധായകനുമായ വി. എം. വിനു ഹൈക്കോടതിയിൽ. അതേസമയം, വി. എം. വിനുവിന് 2020ലെ തദ്ദേശ തെരഞ്ഞെടുപ്പിലും വോട്ടുണ്ടായിരുന്നില്ലെന്ന് അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസറുടെ (എആർഒ) സ്ഥിരീകരണം പുറത്തുവന്നിരുന്നു.

അവസരങ്ങളുണ്ടായിട്ടും വോട്ടർ പട്ടികയിൽ പേരുൾപ്പെടുത്താനുള്ള അവസരം വിനു വിനിയോഗിച്ചില്ലെന്നും എആർഒ കണ്ടെത്തി. ഇക്കാര്യം ചൂണ്ടിക്കാട്ടി തെരഞ്ഞെടുപ്പ് കമ്മീഷന് റിപ്പോർട്ട് നൽകുമെന്ന് എആർഒ അറിയിച്ചു. ഇതോടെ വിനു കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തിരുന്നുവെന്ന് ആവർത്തിച്ച കോൺഗ്രസ് വെട്ടിലായി.

വി. എം. വിനുവിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടാത്തതിനെതിരെ കോൺഗ്രസ് നേതൃത്വം അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർക്ക് പരാതി നൽകിയിരുന്നു. ഈ പരാതിയുടെ അടിസ്ഥാനത്തിൽ എആർഒ നടത്തിയ പരിശോധനയിലാണ് വിനുവിന് 2020ലെ തദ്ദേശ തെരഞ്ഞെടുപ്പിലും വോട്ടുണ്ടായിരുന്നില്ലെന്ന കാര്യം സ്ഥിരീകരിച്ചത്.

# വോട്ടർപട്ടികയിൽ നിന്ന് പേര് വെട്ടിയ സംഭവം: വൈഷ്ണ സുരേഷിന്റെ ഹിയറിംഗ് ഇന്ന്

തിരുവനന്തപുരം: ഇടതുപക്ഷത്തിന്റെ പരാതിയെത്തുടർന്ന് വോട്ടർ പട്ടികയിൽനിന്നു പേരു നീക്കം ചെയ്യപ്പെട്ട വൈഷ്ണ സുരേഷിന്റെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഹിയറിംഗ് ഇന്ന് നടക്കും. വൈകുന്നേരം മൂന്നിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നേരിട്ടു ഹാജരാകാൻ വൈഷ്ണയ്ക്കും പരാതിക്കാരൻ ധനേഷ് കുമാറിനും നോട്ടിസ് ലഭിച്ചു.

തിരുവനന്തപുരം കോർപറേഷനിലെ മുട്ടട വാർഡ് യുഡിഎഫ് സ്ഥാനാർഥിയായ വൈഷ്ണ സുരേഷ് തന്റെ പേര് വോട്ടർപട്ടികയിൽ നിന്ന് വെട്ടിയതിനെതിരെ ഹൈക്കോടതിയെ സമീപിച്ചിരുന്നു. വൈഷ്ണയുടെ ഹർജിയിൽ ഹൈക്കോടതി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അധികൃതരുടെ നടപടി.കോർപറേഷനിലെ യുഡിഎഫ് സ്ഥാനാർഥിപ്പട്ടികയിൽ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു നിയമവിദ്യാർഥിയായ വൈഷ്ണ സുരേഷ്. ജനറൽ വാർഡായ മുട്ടടയിൽ മത്സരിക്കാനാണ് കോൺഗ്രസ് വൈഷ്ണയെ നിയോഗിച്ചത്. എന്നാൽ വൈഷ്ണയുടെ വീട്ടുനന്പർ തെറ്റാണെന്നു കാട്ടി സിപിഎം മുട്ടട ബ്രാഞ്ച് കമ്മിറ്റിയംഗം പരാതി നല്കുകയും ഈ പരാതിയുടെ അടിസ്ഥാനത്തിൽ അന്തിമ വോട്ടർപട്ടികയിൽ നിന്ന് വൈഷ്ണയുടെ പേര് തെരഞ്ഞെടുപ്പ് കമ്മീഷൻ നീക്കം ചെയ്യുകയുമായിരുന്നു.

അതേസമയം, വോട്ടർ പട്ടികയിൽ വീട്ടുനന്പർ തെറ്റായി രേഖപ്പെടുത്തിയതിൽ വീഴ്ച വരുത്തിയത് തെരഞ്ഞെടുപ്പ് കമ്മീഷനാണെന്നും ഇതിൽ തനിക്ക് നീതിനിഷേധിക്കരുതെന്നാവശ്യപ്പെട്ട് വൈഷ്ണ കോടതിയെ സമീപിച്ചു. കേസ് പരിഗണിച്ച കോടതി വിഷയത്തിൽ അടിയന്തരമായി അന്തിമ തീരുമാനം കൈക്കൊള്ളണമെന്ന നിർദേശവും നല്കി.ഇതോടെയാണ് രണ്ടു ദിവസമായി ആശങ്കയിലായിരുന്ന മുട്ടടയിലെ യുഡിഎഫ് ക്യാന്പ് വീണ്ടും സജീവമായത്. കോടതി ഉത്തരവിനു പിന്നാലെ ഇന്നു നടക്കുന്ന ഹിയറിംഗിനു ശേഷം വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുമെന്ന പ്രതീക്ഷയിൽ തന്നെയാണ് യുഡിഎഫും വൈഷ്ണയും.

തന്റെ വോട്ടർ ഐഡി കാർഡ്, പാസ്പോർട്ട്, ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് ഇവയിലെല്ലാം ഒരേ വിലാസമാണെന്നും ഇക്കാര്യങ്ങളെല്ലാം സമർപ്പിച്ചിട്ടും വോട്ടർ പട്ടികയിൽ നിന്ന് പേരു നീക്കം ചെയ്തെന്നും വൈഷ്ണ പറഞ്ഞു.

# ശബരിമല സ്വർണകവർച്ചക്കേസ്: എസ്. ജയശ്രീയുടെ മുൻകൂർ ജാമ്യഹർജി ഇന്ന് വീണ്ടും പരിഗണിക്കും

കൊച്ചി: ശബരിമല സ്വർണക്കവർച്ച കേസിൽ മുൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി എസ്. ജയശ്രീയുടെ മുൻകൂർ ജാമ്യഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും. ജയശ്രീ സമർപ്പിച്ച മുൻകൂർ ജാമ്യ ഹർജി ഫയലിൽ സ്വീകരിച്ച ജസ്റ്റിസ് കൗസർ എടപ്പഗത്ത് ഇന്നു വരെ അവരുടെ അറസ്റ്റ് തടഞ്ഞിട്ടുണ്ട്. മുൻകൂർ ജാമ്യഹർജി പത്തനംതിട്ട പ്രിൻസിപ്പൽ ജില്ലാ കോടതി തള്ളിയതിനെ തുടർന്നാണ് ജയശ്രീ ഹൈക്കോടതിയെ സമീപിച്ചത്. സ്വർണപ്പാളികൾ അറ്റകുറ്റപ്പണിക്കായി ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറാൻ 2019ൽ ഉത്തരവിറക്കിയെന്നതാണ് ജയശ്രീക്കെതിരായ ആരോപണം. ചെമ്പുപാളികൾ എന്ന പേരിലായിരുന്നു ഇതിന് ഉത്തരവിട്ടത്.

ബോർഡ് തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുക മാത്രമാണ് ചെയ്തതെന്നും കുറ്റകൃത്യത്തിന് കൂട്ടു നിന്നിട്ടില്ലെന്നുമാണ് ഹർജിക്കാരിയുടെ വാദം. 38 വർഷത്തെ സേവനത്തിനിടെ ഒരു അച്ചടക്ക നടപടിക്കും വിധേയമായിട്ടില്ലാത്ത താൻ തിരുവാഭരണം കമ്മീഷണറായി 2020ൽ വിരമിച്ച ശേഷം രോഗാവസ്ഥയിൽ കഴിയുന്നതായും ഹർജിയിൽ പറയുന്നു.

# ചീമേനിയിലെ ബിഎൽഒയുടെ ആത്മഹത്യ: ഫോൺ കസ്റ്റഡിയിൽ

പയ്യന്നൂർ: ചീമേനി ഏറ്റുകുടുക്കയിലെ ബൂത്ത് ലെവൽ ഓഫീസർ തറയിൽ അനീഷ് ജോർജിന്റെ (45)ആത്മഹത്യയുമായി ബന്ധപ്പെട്ട് അനീഷിന്റെ മൊബൈൽ ഫോൺ കേന്ദ്രീകരിച്ച് അന്വേഷണം.

ഭീഷണികളെ തുടർന്നാണ് അനീഷ് ആത്മഹത്യ ചെയ്തതെന്നആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് ഇദ്ദേഹത്തിന്റെ മൊബൈൽ ഫോൺ പരിശോധിക്കുന്നതെന്ന് പയ്യന്നൂർ ഡിവൈഎസ്പി കെ. വിനോദ് കുമാർ പറഞ്ഞു.

സിപിഎമ്മിന്റെ ഭീഷണിയാണ് അനീഷിന്റെ ആത്മഹത്യയ്ക്കു കാരണമെന്നും അനീഷിന്റെ ഫോൺ പരിശോധിച്ചാൽ ഇക്കാര്യങ്ങൾ വ്യക്തമാകുമെന്നും ബിജെപി ജില്ലാ ഘടകം ഇന്നലെ ആവശ്യപ്പെട്ടിരുന്നു. അനീഷിന് ഭീഷണിയുണ്ടായിരുന്നതായി വോയ്സ് ക്ലിപ്പുകളെ ഉദ്ധരിച്ച് ഡിസിസി പ്രസിഡൻറ് മാർട്ടിൻ ജോർജും വാർത്താ സമ്മേളനത്തിലൂടെ വെളിപ്പെടുത്തിയിരുന്നു.

സിപിഎമ്മിന്റെ പ്രാദേശിക നേതൃത്വത്തിലുള്ള ചിലരാണ് ഭീഷണിപ്പെടുത്തിയതെന്ന് മാർട്ടിൻ ജോർജ് ആരോപിച്ചിരുന്നു. അനീഷിന് ഭീഷണിയുള്ളതായി ഏറ്റുകുടുക്ക പ്രദേശത്തുനിന്നും ചർച്ചകളുയർന്നിരുന്നു. ഇത്തരം ആരോപണങ്ങളുടെ നിജസ്ഥിതി അറിയുന്നതിനായാണ് പോലീസ് അനീഷിന്റെ മൊബൈൽ ഫോൺ കസ്റ്റഡിയിലെടുത്തത്. ആരൊക്കെയാണു ഭീഷണിപ്പെടുത്തിയതെന്ന വിവരങ്ങൾ പരിശോധനയിൽ കണ്ടെത്തുന്നത് അന്വേഷണത്തിൽ നിർണായകമാവും. അതോടൊപ്പം ബിഎൽഒയുടെ ചുമതലയും ജോലിഭാരവും കനത്ത മാനസിക സംഘർഷമുണ്ടാക്കിയതായുള്ള ആരോപണങ്ങളും ശക്തമായിരുന്നു. ഇക്കാര്യം നിഷേധിച്ചുകൊണ്ട് ജില്ലാ വരണാധികാരിയുടെ പ്രസ്താവനയുമുണ്ടായിരുന്നു.

## തിരുവല്ലയിൽ 14കാരിക്ക് പീഡനം: ബംഗാൾ സ്വദേശികൾ അറസ്റ്റിൽ

തിരുവല്ല: കുറ്റൂരിൽ 14 വയസുകാരിയെ പീഡിപ്പിച്ച കേസിൽ രണ്ടു പേർ അറസ്റ്റിൽ. ഇതരസംസ്ഥാന തൊഴിലാളിയുടെ മകളാണ് പീഡനത്തിനിരയായത്. ബംഗാൾ സ്വദേശികളായ പ്രതികൾക്കെതിരേ പോക്സോ വകുപ്പുകൾ അടക്കം ചുമത്തിയതായി പോലീസ് അറിയിച്ചു.

തിങ്കളാഴ്ച വൈകുന്നേരമായിരുന്നു സംഭവം. പെൺകുട്ടിയും കുടുംബവും താമസിച്ചിരുന്ന വീട്ടിൽനിന്ന് ഏകദേശം അരക്കിലോമീറ്റർ അകലെയാണ് പ്രതികൾ വാടകയ്ക്ക് താമസിച്ചിരുന്നത്. പെൺകുട്ടിയുടെ മാതാപിതാക്കൾ ജോലിക്ക് പോയ സമയത്തായിരുന്നു സംഭവം നടന്നത്. പെൺകുട്ടിയുടെ വീടിന് സമീപത്ത് എത്തിയ പ്രതികൾ, കുട്ടി പുറത്തുനിൽക്കുന്നത് കണ്ടു. ഇതോടെ ഇരുവരും വീടിനുള്ളിൽ കയറി ഒളിച്ചിരിക്കുകയും ചെയ്തു. പിന്നീട് പെൺകുട്ടി വീടിനുള്ളിലേക്ക് എത്തിയതോടെ, വായ പൊത്തിപ്പിടിച്ച് ശൗചാലയത്തിലെത്തിച്ച് ലൈംഗികാതിക്രമം നടത്തുകയായിരുന്നു എന്നാണ് വിവരം.

## ശബരിമലയിൽ ആവശ്യത്തിന് പോലീസുണ്ട്; തിരക്ക് നിയന്ത്രണവിധേയം: ഡിജിപി റവാഡ ചന്ദ്രശേഖർ

പത്തനംതിട്ട: ശബരിമലയിൽ ആവശ്യത്തിനു പോലീസുകാരുണ്ടെന്നും തിരക്ക് നിയന്ത്രണവിധേയമാണെന്നും ഡിജിപി റവാഡ ചന്ദ്രശേഖർ. പെട്ടെന്ന് ജനമൊഴുക്ക് വന്നതാണ് പ്രശ്നമായത്. വന്നവർക്കെല്ലാം ദർശനം അനുവദിച്ചതായും ഡിജിപി പറഞ്ഞു. ഇന്നലെ ഒരു ലക്ഷത്തിന് മുകളിൽ തീർഥാടകർ വന്നു. സാധാരണ ആദ്യ ദിവസങ്ങളിൽ ഇത്രയും തിരക് വരാറില്ല. സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം കൂടുതലാണ്. വെർച്ചുൽ ക്യൂ ബുക്ക് ചെയ്ത ദിവസം തന്നെ തീർഥാടകർ വരണമെന്നും ഡിജിപി നിർദേശിച്ചു. കേന്ദ്ര സേന വൈകാതെ എത്തുമെന്നും പത്തനംതിട്ട കോട്ടയം ജില്ല ഇടത്താവളങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിനുള്ള നടപടി തുടങ്ങിയെന്നും ഡിജിപി വ്യക്തമാക്കി.

## എംസി റോഡിൽ ടിപ്പർ ലോറിയും കാറും കൂട്ടിയിടിച്ചു; മൂന്നുപേർക്ക് പരിക്ക്

തിരുവല്ല: എംസി റോഡിൽ തിരുവല്ല പെരുംതുരുത്തിയിൽ ടിപ്പർ ലോറിയും കാറും കൂട്ടിയിടിച്ച് മൂന്നുപേർക്ക് പരിക്ക്. തൃശൂർ ചാലക്കുടി മാർത്താലയ്ക്കൽ വീട്ടിൽ തങ്കപ്പൻ ( 61), ഭാര്യ ലളിതാ തങ്കപ്പൻ (54 ), ടിപ്പർ ഡ്രൈവർ തിരുവല്ല ചുമത്ര അമ്പനാട്ടുകുന്നിൽ വീട്ടിൽ അഭിലാഷ് (39) എന്നിവർക്കാണ് പരിക്കേറ്റത്. ചൊവ്വാഴ്ച രാവിലെ എട്ടരയോടെ ആയിരുന്നു അപകടം. ചങ്ങനാശേരി ഭാഗത്ത് നിന്നും എം സാൻഡ് കയറ്റി വന്ന ലോറിയും എതിർവശത്തുനിന്നും വന്ന മാരുതി സിഫ്റ്റ് കാറും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. തങ്കപ്പൻ ആണ് കാർ ഓടിച്ചിരുന്നത്. ഉടൻ തന്നെ നാട്ടുകാർ ചേർന്ന് മൂവരെയും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ ലളിതാ തങ്കപ്പന്റെ നില ഗുരുതരമായി തുടരുന്നതായി ആശുപത്രി അധികൃതർ പറഞ്ഞു.

# ശബരിമലയിൽ തീർഥാടക പ്രവാഹം; തിരക്ക് നിയന്ത്രിക്കാൻ പമ്പ മുതൽ ക്രമീകരണം ഏർപ്പെടുത്തും

പമ്പ: ശബരിമലയിൽ വൻ തീർഥാടക പ്രവാഹം. അയ്യപ്പ ഭക്തരുടെ തിരക്ക് നിയന്ത്രിക്കാൻ പമ്പ മുതൽ ക്രമീകരണം ഉണ്ടാകും. കഴിഞ്ഞ ദിവസം മാത്രം ഒരു ലക്ഷത്തിലധികം അയ്യപ്പ ഭക്തർ മലചവിട്ടിയതായാണ് കണക്കുകൾ.

കഴിഞ്ഞ ഒന്നര ദിവസത്തിനിടെ 1,63,000 ൽ അധികം തീർഥാടകർ ശബരിമലയിലെത്തി. തിരക്ക് വർധിച്ചതോടെ 10 മണിക്കൂർ വരെ ഭക്തർക്ക് വരിയിൽ കാത്തുനിൽക്കേണ്ടി വന്നു. കഴിഞ്ഞ ദിവസം ശരാശരി ആറ് മണിക്കൂർ വരെ ദർശനത്തിനായി കാത്തുനിൽക്കേണ്ടി വന്നിരുന്നു.തിരക്ക് വർധിച്ചതോടെ സന്നിധാനത്തെ തിരക്ക് കൂടി പരിഗണിച്ചാകും പമ്പയിൽ നിന്ന് തീർഥാടകാരെ കയറ്റിവിടുക. പ്രതിദിനം 90,000 പേർക്കാണ് ദർശനത്തിന് അവസരമുള്ളത്. സത്രം വഴി കാനന പാതയിലൂടെയും കഴിഞ്ഞ ദിവസം മുതൽ തീർഥാടകരെ കയറ്റിവിടുന്നുണ്ട്.

## കൃഷിപ്പണിക്കിടെ കടന്നൽക്കുത്തേറ്റു; കർഷകന് ദാരുണാന്ത്യം

കോട്ടയം: കൃഷിപ്പണിക്കിടെ കടന്നൽക്കുത്തേറ്റ വയോധികന് ദാരുണാന്ത്യം. തലനാട് ചോനമലയിലുണ്ടായ സംഭവത്തിൽ തറനാനിക്കൽ ജസ്റ്റിൻ (50) ആണ് മരിച്ചത്.

കടന്നൽ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ ജസ്റ്റിൻ ഓടി സമീപത്തുള്ള വീട്ടിലെത്തി. തുടർന്ന് തലനാട് ആശുപത്രിയിലേക്ക് എത്തിച്ചു. പിന്നീട് ഈരാറ്റുപേട്ടയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. കഴിഞ്ഞ ദിവസം ഇടുക്കിയിൽ കടന്നൽ കൂട് നശിപ്പിക്കുന്നതിനിടെ തെങ്ങ് കയറ്റത്തൊഴിലാളി കടന്നൽ കുത്തേറ്റ് മരിച്ചിരുന്നു. ഇല്ലിചാരി നഗർ വെട്ടിക്കൽ വീട്ടിൽ സുരേഷാണ് മരിച്ചത്.

# കരുത്തരെ കളത്തിലിറക്കി; കേരളാ കോൺഗ്രസ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചു

കോട്ടയം: തദ്ദേശ തെരഞ്ഞെടുപ്പിൽ കോട്ടയം ജില്ലാ പഞ്ചായത്തിലേക്ക് മത്സരിക്കുന്ന കേരളാ കോൺഗ്രസ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. യുഡിഎഫ് നേതാക്കളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പാർട്ടി മത്സരിക്കുന്ന ഏഴു സീറ്റുകളിലെ സ്ഥാനാർഥികളെയാണ് പ്രഖ്യാപിച്ചത്.

അതിരമ്പുഴയിൽ അഡ്വ. ജെയ്സൺ ജോസഫ് ഒഴുകയിൽ, കുറവിലങ്ങാട് ജോസ്മോൻ മുണ്ടക്കൽ, കിടങ്ങൂർ ഡോ. മേഴ്സി ജോൺ മൂലക്കാട്ട്, ഭരണങ്ങാനം ലൈസമ്മ ജോർജ് പുളിങ്കാട്, കാഞ്ഞിരപ്പള്ളി തോമസ് കുന്നപ്പള്ളി, കങ്ങഴ അജിത്ത് മുതിരമല, തൃക്കൊടിത്താനം വിനു ജോബ് തുടങ്ങിയവരാണ് ജനവിധി തേടുക.

വെള്ളൂർ പട്ടികജാതി വനിതാ സംവരണ സീറ്റൽ അനുയോജ്യമായ സ്ഥാനാർഥിയെ കണ്ടെത്താൻ കഴിയാത്തതിനാൽ ഇത്തവണ അവിടെ കോൺഗ്രസ് മത്സരിക്കുമെന്ന് പാർട്ടി ചെയർമാൻ പി. ജെ. ജോസഫ് പറഞ്ഞു.

ചർച്ചകൾക്ക് മോൻസ് ജോസഫ് എംഎൽഎ, ഫ്രാൻസിസ് ജോർജ് എംപി തുടങ്ങിയവർ നേതൃത്വം നൽകി.

## തിരുവനന്തപുരത്ത് തെരുവുനായ ആക്രമണം: നാലു വയസുകാരി ഉൾപ്പെടെ അഞ്ചുപേർക്ക് കടിയേറ്റു

തിരുവനന്തപുരം: മലയിൻകീഴ് തച്ചോട്ടുകാവിൽ തെരുവുനായ ആക്രമണം. നാലു വയസുകാരി ഉൾപ്പെടെ അഞ്ചുപേർക്ക് നായയുടെ കടിയേറ്റു. ഇന്നു രാവിലെയായിരുന്നു സംഭവം. പരിക്കേറ്റവർ ജനറൽ ആശുപത്രിയിൽ ചികിത്സ തേടി.

ബൈക്ക് യാത്രക്കാർക്കും സ്കൂൾ വിദ്യാർഥികൾക്കും തൊഴിലാളികൾക്കും നേരേ തെരുവുനായയുടെ ആക്രമണം ദിനംപ്രതി വർധിക്കുകയാണ്.